25

# ഭാരതീയപൈതൃകപഠനം

## (15 പോയിന്റുകളിലൂടെ)

**Dr. N. Gopalakrishnan** Ph.D., D.Litt.
(Scientist & Director IISH)

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയന്റിഫിക് ഹെറിറ്റേജ്
തിരുവനന്തപുരം - 695 018

ഹെറിറ്റേജ് പബ്ലിക്കേഷൻ സീരീസ് - 128

Scanned with CamScanner

ഭാരതീയപൈതൃകപഠനം 15 പോയിന്റുകളിലൂടെ

**Dr. N. Gopalakrishnan** M.Sc. (pharm), M.Sc. (Chem), M.A. (Soc), Ph.D, D.Litt.
**Scientist & Director, IISH**

*Published by :*

**Indian Institute of Scientific Heritage (IISH)**
Registered Charitable Trust 328/99/IV
Ushus, Estate Road, Pappanamcode
Trivandrum - 695 018
www.iish.org Ph. 0471 - 2490149

**Rs. 25/-**

*Printed at:*

Sree Printers (DTP, Offset & Screenprinting)
Ind. Estate, Pappanamcode, TVM - 19, Ph. 2490135

Scanned with CamScanner

# I. ഭാരതീയഗ്രന്ഥങ്ങൾ

ക്രിസ്ത്യാനികൾക്ക് ഒരു ഗ്രന്ഥമേയുള്ളൂ. മുസ്ലീമുകൾക്കും അത്രതന്നെ. ഒരു ക്രിസ്ത്യാനിയും മുസ്ലീമും ബുദ്ധിപരമായും, വിവേകപരമായും, വിദ്യാഭ്യാസപരമായും എത്ര താഴ്ന്നവനാണെങ്കിലും ഉയർന്നവനാണെങ്കിലും ആ ഒരൊറ്റ പുസ്തകത്തിൽ നിന്ന് ഉയർന്നതിലേക്ക് പ്രയാണം അസാദ്ധ്യമാണ്. കാരണം മറ്റൊരു ഗ്രന്ഥമവർക്കില്ല.

മാനവരാശിക്കാവശ്യമായ എല്ലാ അറിവുകളും ഒരു പുസ്തകത്തിൽ കൊടുക്കാനാകില്ല. ഒരാൾ വിചാരിച്ചാലും അതു സാധ്യമല്ല. ഒരു കാലഘട്ടത്തിലെഴുതിയ പുസ്തകം എല്ലാകാലഘട്ടത്തിലേക്കും ഒരേപോലെ ബാധകമാകുകയുമില്ല. മനുഷ്യന് ആത്മീയ മണ്ഡലമായാൽ പോലും പല വിഷയങ്ങളിലായിരിക്കും താൽപര്യമുണ്ടാകുക. അതുകൊണ്ട് എൽ.കെ.ജിക്കു പഠിക്കുന്ന കുട്ടിക്കും 10-ാം ക്ലാസിൽ പഠിക്കുന്ന കുട്ടിക്കും MD, IAS കാർക്കുമെല്ലാം ഒരൊറ്റ പുസ്തകമെന്നത് ശുദ്ധ അബദ്ധമായ വീക്ഷണമല്ലേ.

ജനങ്ങളുടെ താൽപര്യം വ്യത്യസ്ഥമാണ്. അവർ വ്യത്യസ്ഥ നിറങ്ങൾ, രുചികൾ, വിഷയങ്ങൾ, രീതികൾ, കലകൾ, വാദ്യങ്ങൾ,...... ഇഷ്ടപ്പെടുന്നവരാണ്. അവരോടെല്ലാം ഈ ഒരു പുസ്തകത്തിലുള്ളത് എന്തായാലും അതല്ലാതെ മറ്റൊന്നും സ്വീകരിക്കരുത് എന്നു പറയുന്നത് വിവേകശൂന്യമല്ലേ.

ഇത് ഭാരതീയ ഋഷിവര്യന്മാർക്ക് നല്ലതുപോലെ അറിയാമായിരുന്നു. അവർക്കറിയാം വേണ്ടത് വൈവിധ്യങ്ങളിലെ ഏകതയാണെന്ന്. അതുകൊണ്ട് അവർ തുറന്ന മനസ്സോടെ ലോകത്തെക്കാണാൻ നിർദ്ദേശിച്ചു. ദൈവഭയമില്ലാതെ എല്ലാം ദൈവത്തിന്റെ തന്നെ രൂപഭാവങ്ങളാണെന്നു മനസ്സിലാക്കി ഏതൊന്നിലാണോ താൽപര്യം അതു സ്വീകരിക്കാൻ സ്വാതന്ത്ര്യം നൽകി.

അങ്ങിനെ ഭാരതത്തിൽ ആയിരക്കണക്കിന് ഗ്രന്ഥങ്ങൾ, ആയിരക്കണക്കിനാചാര്യന്മാർ, ആയിരക്കണക്കിന് വിഷയങ്ങളിൽ, കഴിഞ്ഞ ആയിരക്കണക്കിന് വർഷങ്ങളായി എഴുതി, വ്യാഖ്യാനിച്ച് ശിഷ്യപരമ്പരകൾക്ക് നൽകി അതിനെ വീണ്ടും വീണ്ടും പോഷിപ്പിക്കാൻ പറഞ്ഞു. ഞാനെഴുതിയതും പറഞ്ഞതും ഉപദേശിച്ചതും അവസാനത്തെ വാക്കാണെന്ന് അവരാരും പറഞ്ഞില്ല. ഞാനാണ് അവസാനത്തെ ദൈവദൂതനെന്നും ഭാരതത്തിലെ ഒരു അവതാരവും ഋഷിവര്യനും പറഞ്ഞതുമില്ല. ആചാര്യന്മാരിൽ നിന്നുപോലും കാൽഭാഗം മാത്രമാണ് എടുക്കാൻ പറഞ്ഞി



Scanned with CamScanner

രിക്കുന്നത്. ബാക്കി സ്വയം കണ്ടെത്താൻ പറഞ്ഞപ്പോൾ സ്വാതന്ത്ര്യാധിഷ്ഠിതമായ ഒരു തുറന്ന മനസ്സും വീക്ഷണവും ഭാരതീയർക്കുണ്ടാകേണ്ടത് ആവശ്യമാണെന്നുകൂടി അവർ നമ്മെ ഓർമ്മിപ്പിച്ചു. അങ്ങിനെ അവർ ഏകദേശം രണ്ടായിരത്തോളം അടിസ്ഥാനഗ്രന്ഥങ്ങൾ, ആത്മീയതയും ഭൗതികതയും ചേർത്ത് മനസ് + ശരീരം + കുടുംബം + സമൂഹം+ രാഷ്ട്രം + മാനവരാശി + സർവചരാചരങ്ങൾ ഇവയെ സമഗ്രമായി സമന്വയിപ്പിച്ച് എഴുതി. അവയുടെ അഗാധമായ അർത്ഥം ഉൾക്കൊള്ളുവാൻ ബുദ്ധിമുട്ടുള്ളവർക്കായി സംസ്കൃതത്തിൽ തന്നെ. പതിനായിരത്തോളം വ്യാഖ്യാനങ്ങളുമവരെഴുതി. സർവസാധാരണക്കാരായ ജനതയ്ക്ക് അവരവരുടെ മാതൃഭാഷയിൽ കാര്യങ്ങൾ മനസ്സിലാക്കാനായി 16 ഭാരതീയ ഭാഷകളിൽ ഒരു ലക്ഷത്തോളം ഉപാഖ്യാനങ്ങളുമെഴുതി. ഇനി പുതിയ പുതിയ ഗ്രന്ഥങ്ങൾ വരുമ്പോൾ അവയ്ക്കു പ്രാധാന്യം നൽകി അതും ചേർക്കണമെന്ന് നിർദ്ദേശിച്ചു.

അങ്ങിനെ അഞ്ചുതലത്തിൽ ഭാരതീയഗ്രന്ഥങ്ങളെ നമുക്കു വിഭജിച്ച് പഠിക്കാനുള്ള സൗകര്യവും അവരുണ്ടാക്കി.

1. പുരാണഗ്രന്ഥങ്ങളുടെ തലം :- സർവസാധാരണമായ കഥകളിലൂടെ ജീവിതമൂല്യങ്ങൾ നൽകാൻ വേണ്ടിയാണ്, 18 പുരാണങ്ങളും 18 ഉപപുരാണങ്ങളും, പഞ്ചതന്ത്രം പോലെയുള്ള കഥകളുമെഴുതിയത്. ആത്മീയതയും ഭൗതീകതയുമെല്ലാം ഈ കഥകളിൽ സമഞ്ജസമായി നിലകൊള്ളുന്നു. ഒരേ കഥപോലും പലരീതിയിൽ എഴുതിയിട്ടുണ്ടാകും. അതിനുകാരണം ജീവിതസന്ദേശങ്ങളെടുക്കാവുന്ന വിധത്തിൽ കഥകളെ തിരിച്ചെഴുതിയാലും മറിച്ചെഴുതിയാലും പ്രശ്നമാകില്ല. കഥകളിൽ നിന്ന് ജീവിതമൂല്യങ്ങൾ എടുക്കാൻ പാകത്തിന് ആയിരക്കണക്കിന് കഥകളാണിവയിലുള്ളത്. കഥ ഇഷ്ടമില്ലാത്തവരുണ്ടാകില്ല. അതുകൊണ്ട് പുരാണം സ്വയം വായിച്ചോ മറ്റുള്ളവർ വായിച്ചു വ്യാഖ്യാനിക്കുന്നതു കേട്ടോ നാം സ്വയം ജീവിതനന്മയിലേക്കുയരണം. പ്രഹ്ളാദന്റെ നിശ്ചയദാർഢ്യം, ധ്രുവന്റെ ലക്ഷ്യം, മഹാബലിയുടെ ത്യാഗം, ജഡഭരതന്റെ ജ്ഞാനം, അംബരീഷന്റെ ഉറച്ച ആചാരാനുഷ്ഠാനരീതി, ഗജേന്ദ്രന്റെ അന്ത്യത്തിലെ ഭക്തി, ഇങ്ങിനെയുള്ളവരുടെ കഥകളിലെ നന്മതിന്മകൾ വായിച്ച ഉടനെ തന്നെ നമുക്കറിയാൻ സാധിക്കും. ചുരുക്കത്തിൽ ഓരോ കഥയിലും ഭക്തി, സ്നേഹം, ഉത്സാഹം, ജ്ഞാനം, ത്യാഗം, പക്വത, സമർപ്പണം, തപസ്, ലളിതജീവിതം, ആചാരമഹത്വം, ആത്മീയബലം, സമചിത്തത .........തുടങ്ങിയ അനവധി നന്മകൾ ജീവിതത്തിലുൾക്കൊണ്ടാൽ അതിന്റെ ഗുണമെന്തെന്നറിയാൻ ഈ പുരാണകഥകൾ സഹായിക്കുന്നു. പുരാണങ്ങളിൽ ശരിയും തെറ്റും വിവരിക്കുന്നതോടൊപ്പം



Scanned with CamScanner

നന്മയും തിന്മയും വിവരിക്കുന്നു. നന്മ ചെയ്യുന്നവനുണ്ടാകുന്ന ഗുണങ്ങളും തിന്മ ചെയ്യുന്നവനുണ്ടാകുന്ന ദോഷങ്ങളും കഥാരൂപത്തിൽ (പുരാണങ്ങളിൽ) വിവരിക്കുന്നു.

പുരാണങ്ങൾ ചരിത്രങ്ങളല്ല. ചരിത്രഭാഗങ്ങളുണ്ടാകാം. ചിലപ്പോൾ അതിൽ അതിശയോക്തിയുമുണ്ടാകാം. അതെല്ലാം സന്ദേശം നൽകാനുള്ള ഒരു പാലം മാത്രം. കഥകളെ ന്യായീകരിച്ച് അതെല്ലാം സംഭവങ്ങളാണെന്നുവാദിക്കാൻ ശ്രദ്ധിച്ചാൽ ഒരിടത്തുമെത്തില്ല. സ്വയം അപഹാസ്യനാകേണ്ടിയും വരും.

പുരാണങ്ങളിൽ പക്ഷിമൃഗാദികളുടെയും, രാജാക്കന്മാരുടേയും, പല തരത്തിൽപ്പെട്ട മനുഷ്യരുടേയും, വൃക്ഷങ്ങളുടേയുമെല്ലാം കഥകളുണ്ട് എന്നറിയണം. അവയുടെയെല്ലാം ഉദ്ദേശം ഒന്നുമാത്രം ആമയും മുയലും, മുയലും സിംഹവും, കാക്കയും മൂങ്ങയും എല്ലാം ചേരുന്ന കഥകളുടെ ഉദ്ദേശമെന്താണോ അതുതന്നെയാണ് പുരാണകഥയും ഉദ്ദേശിക്കുന്നത്. അത് പുണ്യം എന്ന പദവും സ്വർഗം എന്ന പദവുമായി ചേർത്തിരിക്കുന്നത് ആത്മാർത്ഥത, അർപ്പണഭാവം, ഭക്തി, ശ്രദ്ധ, എന്നിവയെല്ലാം, ഇതുവായിക്കുമ്പോൾ/കേൾക്കുമ്പോൾ വർദ്ധിക്കാനാണ്.

പുരാണകഥകളോ അനുഭവങ്ങളോ സന്ദേശങ്ങളോ കേൾക്കുമ്പോൾ പുണ്യവും സ്വർഗവുമെല്ലാം ലഭിക്കുന്നതിനെക്കുറിച്ചും യുക്തി സഹജമായ ഒരു വിവരണമുണ്ട്. നമ്മുടെ മനസ് അതിൽ നിന്ന് **ചിന്തകൾ**. അതിൽനിന്ന് കർമ്മങ്ങൾ, കർമ്മങ്ങളിൽ നിന്ന് **കർമ്മഫലങ്ങൾ** അതിൽ നിന്ന് **കർമ്മപ്രതിഫലങ്ങൾ** എന്നിവയുണ്ടാകുന്നു. നല്ല മനസ്സുണ്ടായാൽ അത് സന്മനസ്സാകും, ചിന്തകൾ സത്ചിന്തകളാകും, അതിൽ നിന്ന് **സത്കർമ്മങ്ങളും** തുടർന്ന് **സത്കർമ്മഫലങ്ങളുമുണ്ടാകും**, അവസാനം ലഭിക്കുന്നത് **സത്കർമ്മപ്രതിഫലങ്ങളാകും.**

സന്മനസ് → സത്ചിന്തകൾ → സത്കർമ്മങ്ങൾ → സത്കർമ്മഫലങ്ങൾ → സത്കർമ്മപ്രതിഫലങ്ങൾ. ഇവയെ മറ്റൊരു രീതിയിലും എഴുതാം. സന്മനസ് → സത്ചിന്തകൾ → പുണ്യകർമ്മങ്ങൾ →പുണ്യം → സ്വർഗം. അതുപോലെ മനസ് ദുഷ്ടമനസ്സായാൽ മേൽവിവരിച്ചത് ദുർമനസ് →ദുഷ്ചിന്തകൾ →ദുഷ്കർമ്മങ്ങൾ →ദുഷ്കർമ്മഫലങ്ങൾ →ദുഷ്കർമ്മപ്രതിഫലങ്ങൾ. അതായത്

ദുർമനസ് →ദുഷ്ചിന്തകൾ →പാപകർമ്മങ്ങൾ →പാപം നരകം.

ഇവിടെ പുണ്യവും പാപവും മനസ്സിന്റെ സൃഷ്ടിയാണ്. സ്വർഗവും നരകവും അതുപോലെ മനസ്സിൽ നിന്നാരംഭിക്കുന്നു. സന്മനസ്സിൽ നിന്ന്



Scanned with CamScanner

പുണ്യവും സ്വർഗവും, ദുർമനസ്സിൽ നിന്ന് പാപവും നരകവും! അതു കൊണ്ട് മഹാകവി ഉള്ളൂർ പറഞ്ഞതിന്റെ പൊരുൾ വ്യക്തമാണ്. "നമു ക്കുനാമേ പണിവതുനാകം നരകവുമതുപോലെ".

നമ്മുടെ സാധാരണ മനസ്സിനെ സന്മനസ്സാക്കാൻ മൂന്നു വഴികളാണുള്ള ത്. കഥകൾ കേൾക്കുക, അനുഭവങ്ങൾ കേൾക്കുക, സന്ദേശങ്ങൾ കേൾക്കുക. (കൂടാതെ ആചാരാനുഷ്ഠാനങ്ങൾ ജീവിതത്തിൽ പകർത്തുക.

പുരാണത്തിൽ നിന്ന് കഥകൾ കേട്ട് മനസ് മാറിയാലെ അത് സന്മന സ്സായി സത് ചിന്തകളായി, പുണ്യകർമ്മങ്ങളായി ധന്യജീവിതമാകൂ. അപ്പോൾ പുരാണകഥകൾ വായിച്ചാലും കേട്ടാലും പുണ്യം ലഭിക്കു മെന്നു പറയാൻ കാരണം മനസ്സിൽ മാറ്റമുണ്ടാകും എന്ന അർത്ഥത്തി ലാണ്. പുരാണകഥകൾ കേട്ടിട്ട് മാറ്റമുണ്ടായില്ലെങ്കിലും അല്ലെങ്കിൽ ഭാഗ വതവായനാവേളയിൽ അന്നദാനത്തിനു മാത്രം പോകുന്നവർക്കു മൊക്കെ എന്തു പുണ്യം ലഭിക്കാനാണ്. സാധാരണക്കാരുടെ നിലവാര ത്തിലുള്ള കഥകളാണ് എല്ലാ പുരാണങ്ങളിലും എഴുതിയിരിക്കുന്നത്. അതവർക്കുള്ളതാണ്.

ഇതേ പുരാണകഥാപാത്രങ്ങൾ തമ്മിൽ തമ്മിലും അതിഗഹനമായ ജീവി താനുഭവങ്ങൾ പരസ്പരം പറഞ്ഞുകൊടുക്കുന്നു. കൂടാതെ ഈ കഥാ പാത്രങ്ങൾ തമ്മിലുള്ള ചർച്ചയിൽ അതിഗഹനമായ ഉപദേശങ്ങളും പര മമായ സത്യവിവരണങ്ങളും ലളിതമായി പ്രതിപാദിക്കുന്നുമുണ്ട്.

അതായത് ഇന്നത്തെ MBA ക്ക് കഥകളിലൂടെ കാര്യങ്ങളും അനുഭവ ങ്ങളും വിവരിച്ചിരിക്കുന്നതുപോലെ. ഭാഗവതത്തിൽ നരസിംഹമൂർത്തി പ്രഹ്ളാദന് ധർമ്മശാസ്ത്രം വിവരിച്ചുകൊടുക്കുന്നു. കപിലമഹർഷി അമ്മയായ ദേവഹൂതിക്ക് ഷഡ്ദർശനങ്ങൾ വിവരിച്ചുകൊടുക്കുന്നുണ്ട്. ജഡഭരതൻ രഹൂഗണന് പ്രപഞ്ചസത്യത്തെക്കുറിച്ചു വിവരിക്കുന്നു.

ശ്രീകൃഷ്ണൻ ഉദ്ധവന് ഉദ്ധവഗീത ഉപദേശിക്കുന്നുണ്ട്. അപ്പോൾ കഥ കളിലൂടെ കഥാപാത്രങ്ങളും ചിലപ്പോൾ കഥാപാത്രം പോലെ അഭിന യിക്കുന്ന ചരിത്ര പുരുഷന്മാരും അതിഗഹനങ്ങളായ സന്ദേശങ്ങൾ, ഉപ ദേശങ്ങൾ, അനുഭവങ്ങൾ പ്രാപഞ്ചിക സത്യങ്ങൾ ഇവയെല്ലാം പുരാ ണകഥകളുടെ ഭാഗമായി പറഞ്ഞുകൊടുക്കുന്നതെല്ലാം നമുക്കും പ്രയോ ജനപ്പെടുത്താം. ഇതിൽ കഥകളിലെ അതിശയോക്തികൾ കളഞ്ഞ് സത്ത് എടുക്കാൻ പാകത്തിന് പക്വതയുണ്ടെങ്കിൽ പുരാണങ്ങളിൽ തന്നെ എല്ലാമുണ്ടെന്നും പറയാം.



Scanned with CamScanner

**2. മഹാഭാരത്തിന്റെ തലം :-** പുരാണങ്ങളെക്കാൾ ഉയർന്നതലമാണ് മഹാഭാരതത്തിന്റേത്. ഇതിൽ ആയിരക്കണക്കിനു കഥകളുണ്ട്. അവയിലേതാണ്ടെല്ലാം തന്നെ പ്രകൃതിയിലെ ജീവജാലങ്ങളുടെ കഥകളാണ്. മഹാഭാരതമെന്ന ഇതിഹാസ-ചരിത്രഗ്രന്ഥത്തിലെ ചരിത്രപുരുഷന്മാരും ജീവിതസന്ദേശങ്ങൾ നൽകിയവരും മനസ്സിൽ മാറ്റം വരുത്താനാണ് ഈ കഥകളെല്ലാം മഹാഭാരതത്തിൽ ചേർത്തിരിക്കുന്നത്.

ഈ കഥകളെല്ലാം പാണ്ഡവർക്കും കൗരവർക്കും പ്രയോജനപ്പെട്ടതുപോലെതന്നെ അതുവായിക്കുന്ന നമുക്കും പ്രയോജനപ്പെടും. പുരാണങ്ങളിലും മഹാഭാരതത്തിലും കഥകൾ പറയുന്നത് അതിലെ കഥാപാത്രങ്ങളും ചരിത്രപുരുഷന്മാരും തമ്മിലാണ്. അതുനമുക്കുപ്രയോജനപ്പെടുന്നു എന്നർത്ഥം. മഹാഭാരതത്തിൽ കഥകൾ കൂടാതെ ജീവിതാനുഭവങ്ങളുടെ അതിബൃഹത്തായ ഒരു പത്തായം തന്നെയുണ്ട്.

ഇവിടെ, ജീവിച്ചിരുന്നവരുടെ ജീവിതാനുഭവമാണ് വിവരിക്കുന്നത്. അവർ പരസ്പരം പറയുന്നകഥകൾ കൂടാതെ, പറയുന്നവരുടെയും അനുഭവിക്കുന്നവരുടെയും അനുഭവങ്ങൾ നമുക്കൊരു എംപതി ഇഫക്ട് ഉണ്ടാകുന്നു. മഹാഭാരതത്തിലെ ഗാന്ധാരി ഞാനാണെന്നും, എന്റെ കണ്ണുകെട്ടിയാണ് ഞാൻ നടന്നതെന്നും എന്റെ ഭാര്യ/ഭർത്താവ് അന്ധനാണെന്നും വിചാരിക്കുക. എന്റെ കുടുംബത്തിലെന്തു സംഭവിക്കുമെന്നറിയണമെങ്കിൽ കൗരവർക്കു സംഭവിച്ചതു തന്നെ സംഭവിക്കും എന്ന് അറിയാൻ സാധിക്കും. കുന്തീമാതാവ് ധർമ്മപുത്രൻ ചൂതുകളിച്ചത് തടഞ്ഞിരുന്നുവെങ്കിൽ എന്തെല്ലാം പ്രശ്നങ്ങളൊഴിവാക്കാമായിരുന്നു. ധർമ്മപുത്രർ സ്വയം ചൂതുകളിക്കാതിരുന്നാലും ഈ തിന്മകളൊഴിവാക്കാമായിരുന്നില്ലേ? ശകുനിയെ പോലൊരുവൻ നമ്മുടെ വീട്ടിലുണ്ടെങ്കിൽ എന്തു സംഭവിക്കും? ജ്യേഷ്ഠൻ സ്വയം പണയം വെച്ചു. പിന്നെ ഭാര്യയേയും അനുജന്മാരേയും പണയം വെച്ചപ്പോഴും മൗനം അവലംബിച്ചതുപോലെ നമ്മുടെ വീട്ടിലും നമ്മുടെ ജ്യേഷ്ഠൻ എല്ലാം വിറ്റുതുലക്കുമ്പോൾ അനുജന്മാരും അമ്മയും ഭാര്യയും മൗനമായിരുന്നാൽ എന്തുസംഭവിക്കും? ധർമ്മമറിയാവുന്ന ഭീഷ്മരെപോലെ നമ്മുടെ കൂടെയുണ്ടായിരുന്ന വ്യക്തി അധർമ്മത്തിനുവേണ്ടി പ്രവർത്തിച്ചാലത്തെ അയാളുടെ അവസ്ഥ എന്തായിരിക്കും? ദുര്യോധനനെ പോലൊരു വ്യക്തി നമ്മുടെ വീട്ടിലുണ്ടെങ്കിൽ? ചിന്തിക്കുക! മഹാഭാരതത്തിലെ ഓരോ ചരിത്രപുരുഷനും ജീവിച്ചതുപോലെ നമ്മളും ഭാഗീകമായോ പൂർണമായോ ജീവിച്ചാൽ നമുക്കെന്തു സംഭവിക്കുമെന്നറിയാൻ മഹാഭാരതത്തിലെ പാണ്ഡവ-കൗരവ സഹോദരന്മാരുടെയും അവരുടെ മാതാപിതാക്കളുടെയും അവരോടൊപ്പം നിന്നവരുടേയും ജീവിതാനു



Scanned with CamScanner

ഭവങ്ങളിലൂടെ ഒന്നു കണ്ണോടിച്ചു വായിച്ചാലറിയാമല്ലോ

മഹാഭാരതത്തിലുള്ളത് പാണ്ഡവ-കൗരവാദികളുടെ ജീവിതാനുഭവങ്ങളാണ്. ഇനി അവർക്കു സംഭവിച്ചതും സംഭവിക്കാൻ സാധ്യതയുള്ളതും, സംഭവിക്കാൻ പാടില്ലാത്തതുമായതെല്ലാം കഥാരൂപത്തിൽ വിവരിക്കുന്നതു പുരാണകഥകളേക്കാൾ ലളിതമായ പഞ്ചതന്ത്രതലത്തിലുള്ള കഥകളിലൂടെയാണ്.

നമ്മുടെ മാതാപിതാക്കൾ നമുക്കുകഥകൾ പറഞ്ഞുതരുന്നതുപോലെ അതിഗഹനമായ ജീവിതസന്ദേശങ്ങൾ അനുഭവത്തിലേക്കു പകർത്താൻ ആമയും, മുയലും, കഴുകനും, മൂങ്ങയും, സിംഹവും, പുലിയുമെല്ലാം കഥാപാത്രങ്ങളായി (കഥകളിലൂടെ) വരുന്നത് മഹാഭാരതത്തിന്റെ മൂന്നിലൊരുഭാഗമാണ്. ഇത്തരത്തിലുള്ള കഥകളല്ല പുരാണങ്ങളിലുള്ളത് ബ്രഹ്മാവിഷ്ണുമഹേശ്വരൻമാർ, ലക്ഷ്മി സരസ്വതി പാർവതി, ഗണപതി, സുബ്രഹ്മണ്യൻ, രാക്ഷസന്മാർ, അസുരന്മാർ, സന്യാസിമാർ, ഋഷിമാർ..........എന്നിങ്ങിനെയുള്ള കഥാപാത്രങ്ങളാണ് പുരാണങ്ങളിൽ നിറഞ്ഞിരിക്കുന്നത്. ഇന്ന് പ്രസിദ്ധീകരിക്കുന്ന അനവധി ബാലമാസികകളിലെ കഥകളെല്ലാം ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ മഹാഭാരതത്തിൽ നിന്നെടുത്തതാണ്.

മഹാഭാരതത്തിലെ രണ്ടു സഹോദരന്മാരുടെ കുടുംബാംഗങ്ങളുടെ ജീവിതാനുഭവങ്ങളും, കഥകളും കൂടാതെ അതിഗഹനമായ ഉപദേശങ്ങൾ, ദേശത്തിനും കാലത്തിനും അതീതമായതുമുണ്ട്. അതാണ് ഭഗവദ്ഗീത, ഭീഷ്മോപദേശം, വിദുരോപദേശം, കൃഷ്ണോപദേശം തുടങ്ങി അനവധി ഉപദേശങ്ങൾ/സന്ദേശവരികൾ (ജീവിതത്തിലൂടെ കടന്നുപോകുമ്പോൾ അനുഭവിക്കുന്ന തരത്തിലുള്ളത്) മഹാഭാരതത്തിൽ നിറച്ചിരിക്കുന്നു. പ്രായോഗിക ജീവിതത്തിൽ ഇക്കാലഘട്ടത്തിലും തിളക്കം മാറാത്തതാണവയെല്ലാം.

അങ്ങിനെ പുരാണ കഥാപാത്രങ്ങളിലൂടെ നമുക്കു ജീവിതാനുഭവങ്ങളും സന്ദേശങ്ങളും ലഭിക്കുന്നു. മഹാഭാരതത്തിലെ ചരിത്ര പുരുഷന്മാരുടെ ജീവിതാനുഭവങ്ങളിലൂടെയും കഥകളും സന്ദേശങ്ങളും ലഭിക്കുന്നു. ശ്രീകൃഷ്ണന്റെ ജീവിതം പച്ച മനുഷ്യനായിത്തന്നെ മഹാഭാരതത്തിൽ വിവരിക്കുന്നു.

**വാൽമീകി രാമായണത്തിന്റെ തലം** :- പുരാണങ്ങളിൽ നിന്ന് മഹാഭാരതത്തിലെത്തണം. അവിടെ നിന്നും അനുഭവങ്ങളും സന്ദേശങ്ങളും നേരിട്ടുതരുന്ന ആദികാവ്യമായ വാത്മീകി രാമായണത്തിലേക്കു വരുന്നു.



Scanned with CamScanner

അവിടെ കഥകളില്ല. ഒരു കുടുംബത്തിലെ ജീവിതാനുഭവങ്ങളും ധന്യമായ ഒരു ജീവിതം നയിക്കുമ്പോൾ എന്തുസംഭവിക്കുന്നു എന്നും തിന്മയിലൂടെ പോകുന്നവർക്കെന്തു സംഭവിക്കുന്നു എന്നതും. ഒരു ചരിത്രഗ്രന്ഥം പോലെ രാമായണത്തിൽ വിവരിക്കുന്നു.

ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കുക, മഹാഭാരതം അതെഴുതിയ വേദവ്യാസന്റെ മൂന്നു മക്കളുടെ (പാണ്ഡു, ധൃതരാഷ്ട്രൻ, വിദുരൻ) ചരിത്രമാണ്. അതുകൊണ്ട് വേദവ്യാസൻ ആരെല്ലാം ശരിചെയ്തു അല്ലെങ്കിൽ ആരെല്ലാം ചെയ്തതാണ് ശരി. ആരു ചെയ്തതാണ് തെറ്റ് എന്നൊന്നും എഴുതിയിട്ടില്ല. വളരെ വ്യക്തമായി, തന്റെ കൊച്ചുമക്കളായ പാണ്ഡവരേയും കൗരവരേയും അവരുടെ കൂടെയുള്ളവരേയും അവരു ചെയ്ത കാര്യങ്ങളും വ്യക്തി താൽപര്യങ്ങളില്ലാതെ, ഒരേപോലെ വിവരിക്കുകയാണ് ചെയ്തത്. ഇനി തെറ്റുകളും ശരികളും അതിലെ സത്കർമ്മങ്ങളും ദുഷ്കർമ്മങ്ങളും വിലയിരുത്തേണ്ടത് മഹാഭാരതം വായിക്കുന്നവരുടെ ഉത്തരവാദിത്വമാണ്. പുരാണങ്ങളിലെ കഥാപാത്രങ്ങൾ ചെയ്ത നന്മതിന്മകളും അതിന്റെ കർമ്മഫലങ്ങളും പുരാണരചയിതാക്കൾ തന്നെ വിവരിക്കുന്നുണ്ട്. എന്നാൽ മഹാഭാരതത്തിലെ ചരിത്രപുരുഷന്മാർ ഓരോരുത്തരും ജീവിതത്തിലൂടെ കടന്നുപോകുമ്പോൾ ചെയ്തത് ശരിയാണെന്ന് വായനക്കാർക്ക് തോന്നുകയാണെങ്കിൽ അത്തരത്തിലുള്ള ജീവിതം നയിക്കാം. അതിൽ നിന്ന് വ്യത്യസ്ഥമായും ജീവിക്കാം. മഹാഭാരതത്തിലെ ചരിത്രപുരുഷന്മാരുടെ എല്ലാ സംഭവങ്ങളും ഇത്തരത്തിൽ വായനക്കാർ തന്നെ സ്വയം വിലയിരുത്തി, കൊള്ളേണ്ടത് കൊള്ളുകയും തള്ളേണ്ടത് തള്ളുകയും വേണം.

വാത്മീകി രാമായണത്തിലും ഏകദേശം ഇതുപോലെയാണ്. വാത്മീകി, രാമായണത്തിനകത്തുള്ള ചരിത്രപുരുഷനാണ്. സീതാദേവി ലവകുശന്മാർക്കു ജന്മം നൽകിയത് വാത്മീകിയുടെ ആശ്രമത്തിലാണ്. അതിനാൽ വാത്മീകി, വസ്തുതകൾ അതേപോലെ അവതരിപ്പിച്ചിരിക്കുന്നു. അതിൽ ശരിയെന്നു തോന്നുന്നത് നിങ്ങൾക്ക് സ്വീകരിക്കാം അല്ലാത്തത് തിരസ്കരിക്കാം.

രാമായണത്തിലെ വിവിധ ഇതിഹാസപുരുഷന്മാരുടേയും സത്കർമ്മങ്ങളും, ദുഷ്കർമ്മങ്ങളും, ജീവിതാനുഭവങ്ങളും വിലയിരുത്താനുള്ള ഉത്തരവാദിത്വം മൂന്നാമത്തെ തലത്തിൽ എത്തിയിരിക്കുന്ന നമ്മുടേതു തന്നെയാണ്. വാത്മീകി, കാര്യങ്ങൾ വിവരിച്ചുതരുന്നു എന്നുമാത്രം. വാത്മീകിരാമായണത്തിലുള്ളത് ദശരഥൻ, കൈകേയി, സുമിത്ര, വിഭീഷണൻ, കുംഭകർണ്ണൻ, ശബരി... ഇങ്ങിനെയുള്ളവരുടെ പ്രവൃത്തികൾ,



Scanned with CamScanner

സ്വഭാവം, ജീവിതശൈലി ഇതെല്ലാം ഒരു നോവലിൽ എഴുതിയിരിക്കു ന്നതുപോലെയാണ് വാൽമീകി മഹർഷി എഴുതിയിരിക്കുന്നത്. എം.ടി. വാസുദേവൻനായർ പഴശ്ശിരാജാവിന്റെ സിനിമാക്കഥയെഴുതിയതുപോ ലെയാണിതെന്ന് താരതമ്യം ചെയ്യാൻവേണ്ടി മാത്രം സൂചിപ്പിക്കട്ടെ.

അപ്പോൾ നാം ഇതുവരെ മനസ്സിലാക്കി രാമായണത്തിൽ നിന്നെടുക്കേ ണ്ടതായ ഒന്നാമത്തേത് അതിലെ ജീവിതാനുഭവങ്ങൾ രണ്ടാമത്തേതാ കട്ടെ ഉപദേശങ്ങൾ (സന്ദേശങ്ങൾ) വസിഷ്ഠ മഹർഷി ശ്രീരാമനു നൽകുന്ന ഉപദേശങ്ങൾ, ശ്രീരാമൻ ലക്ഷ്മണനും, ഭരതനും, വിഭീഷനും നൽകുന്ന സന്ദേശങ്ങൾ, സുമിത്ര ലക്ഷ്മണനു നൽകുന്ന സന്ദേശം! ഇപ്രകാരം പോകുന്ന ഉപദേശങ്ങൾ 21-ാം നൂറ്റാണ്ടിൽ ജീവിക്കുന്ന നമുക്കും ഏറെ പ്രയോജനമുള്ളതാണ്. ശ്രീരാമൻ, ലക്ഷ്മണനും ഭര തനും ഉപദേശിക്കുന്നതെല്ലാം ഇന്നത്തെ മാനേജ്മെന്റ് സന്ദേശങ്ങൾ തന്നെയാണ്.

ഇനി ശ്രദ്ധിക്കുക പുരാണങ്ങളിലെ കഥകളിൽ നിന്നും മഹാഭാര തത്തിലെ അനുഭവങ്ങളും സന്ദേശങ്ങളും കഥകളും കടന്ന് നാം വാൽമീകി രാമായണത്തിലെത്തി. ഇനി നാം ഉയരേണ്ടത് വേദത്തിന്റെ നിലയിലേക്കാണ്.

4. വേദത്തിന്റെ തലം : ഇവിടെ രണ്ടുതരത്തിലുള്ള പ്രയോജനമുണ്ട്. വേദമന്ത്രങ്ങൾ സംഗീതാത്മകമായതിനാൽ അതുകേൾക്കുമ്പോൾ ഉണ്ടാ കുന്ന ന്യൂറോ ലിംഗ്വിസ്റ്റിക് ഇഫക്റ്റ്. ഇതിന് മന്ത്രങ്ങളുടെ അർത്ഥം അറിയണമെന്ന് നിർബന്ധവുമില്ല. രണ്ടാമത്തേത് വേദമന്ത്രങ്ങളിൽ സന്ദേശങ്ങൾ/ഉപദേശങ്ങൾ മാത്രമാണുള്ളത്. അത് പ്രാർത്ഥനാരൂപത്തി ലോ, സന്ദേശമായോ, കീർത്തിക്കലായോ വരാം. അഖിലാണ്ഡമണ്ഡ ലമണിയിച്ചൊരുക്കി....എന്ന കവിതയുടെ ഉള്ളറകളിലേക്ക് എത്തിനോ ക്കിയാൽ ഇതു കാണാം.

വേദങ്ങളിൽ സ്വർഗ-നരക, പാപ-പുണ്യ, വർഗ-വർണ, മത, ഇസ, രാജ്യ, ലിംഗ....ങ്ങൾക്കതീതമായി മാനവരാശിക്കു നൽകുന്ന സന്ദേശങ്ങൾ മാത്രമാണുള്ളത്. ഈ വേദമന്ത്രങ്ങൾ സ്വയം ആലപിക്കാനും, അർച്ചി ക്കാനും, പൂജിക്കാനും, യാഗത്തിനുമെല്ലാം പ്രയോഗിക്കുന്നു. ഇവിടെ കഥകളില്ല. തെരഞ്ഞെടുക്കപ്പെട്ട അവതാരങ്ങളില്ല, അവരുടേയോ ബന്ധ പ്പെട്ടവരുടെയോ ജീവിതാനുഭവവിവരണങ്ങളില്ല. വേദം പഠിക്കാൻ ബ്രാഹ്മണ്യം വേണ്ട. വേദം പഠിച്ചവന്റെ പേരാണ് ബ്രാഹ്മണൻ.

വേദഗ്രന്ഥങ്ങൾ നാലാമത്തെ തലമാണ്. ഒരു ജന്മത്തിൽ ഒരു വേദമെ



Scanned with CamScanner

ങ്കിലും നമ്മൾ കേൾക്കണമെന്നു ഞാൻ പറയാറുണ്ട്. വേദങ്ങൾ പഠിക്കാൻ എളുപ്പമല്ല. അതിന് വിവിധസ്വരങ്ങൾ പഠിക്കണം. തെറ്റായി വേദം ചൊല്ലരുതെന്നു പറയാറുണ്ട്. അതു ഗുരുവിൽ നിന്നേ പഠിക്കാവൂ എന്നു പറയാൻ കാരണം, ഒരിക്കൽ തെറ്റായിട്ടു ചൊല്ലി പഠിച്ചാൽ തിരുത്തുവാൻ വളരെ വിഷമമാണ്. വേദമന്ത്രങ്ങൾ തെറ്റായി ചൊല്ലിയാൽ അർത്ഥവ്യത്യാസവും ഉണ്ടാകും. അപ്പോൾ സന്ദേശങ്ങളുടെ ഉദ്ദേശവും മാറും. മലയാളത്തിലെ തന്നെ ഉദാഹരണം നോക്കുക പെരുമാറ്റം, പേരുമാറ്റം. പ്രേമിച്ചതോർത്തുകൊണ്ട്, പ്രേമിച്ച തോർത്തുകൊണ്ട്. ഇവിടെയെല്ലാമുള്ള വ്യത്യാസം ചെറുതാണെങ്കിലും അർത്ഥവ്യത്യാസം വലുതാണ്. ഇതുകൊണ്ടാണ് വേദം പഠിക്കണ്ട, പഠിക്കണമെന്നില്ല എന്നൊക്കെ പറയുന്നത്. വേദം പഠിക്കരുതെന്നല്ല അതിന്റെ അർത്ഥം. വേദം ശ്രുതിയാണ്, കേൾക്കുന്നതു തന്നെ ഉത്തമമാണ്. വേദസന്ദേശങ്ങൾ കേട്ട് ജീവിതത്തെ ധന്യമാക്കണം, ബൈബിളും, ഖൊറാനും വേദവുമായി താരതമ്യം ചെയ്യരുത്. വേദം എഴുതിയത് ഋഷീശ്വരന്മാരാണ്, മാലാഖയോ ദൈവമോ അല്ല. ഭൂമിയിലെ ജീവിതം സ്വർഗസമാനമാക്കാനാണ് വേദപഠനവും ശ്രവണവും.

മറ്റൊരർത്ഥത്തിൽ ഓരോ വ്യക്തിയിലും മാറ്റമുണ്ടാകുന്നതും ഉണ്ടാക്കുന്നതും കഥകളോ, ജീവിതാനുഭവങ്ങളോ, സന്ദേശങ്ങളോ കേട്ട്, ഉൾക്കൊണ്ട്, ജീവിതത്തിൽ പകർത്തുമ്പോഴാണ്. അതിനാവശ്യമായ കഥകൾ പുരാണങ്ങളിലും മഹാഭാരതത്തിലുമുണ്ട്. ജീവിതാനുഭവങ്ങൾ മഹാഭാരതത്തിലും വാത്മീകി രാമായണത്തിലുമുണ്ട്. സന്ദേശങ്ങൾ മഹാഭാരതത്തിലും, വാത്മീകി രാമായണത്തിലും, വേദങ്ങളിലുമുണ്ട്. വേദങ്ങളുടെ പ്രത്യേകതയെന്നത് അതിൽ സന്ദേശങ്ങൾ മാത്രമേയുള്ളൂ എന്നതാണ്. ആ സന്ദേശങ്ങൾ, നേരത്തേ സൂചിപ്പിച്ചതുപോലെ, പ്രാർത്ഥനകളായും, അർച്ചനാമന്ത്രങ്ങളായും, പൂജമന്ത്രങ്ങളായും, യാഗമന്ത്രങ്ങളായും, ധ്യാനമന്ത്രങ്ങളായും, സംഗീതചികിത്സപോലെ മന്ത്രചികിത്സക്കായും (മന്ത്രവാദ ചികിത്സയല്ല) ഈ വേദമന്ത്രങ്ങൾ പ്രയോഗിക്കുന്നു.

ഈ വേദങ്ങളിലെ സന്ദേശങ്ങളാണ് പുരാണങ്ങളിലൂടെ കഥകളായി വിവരിക്കുന്നത്. മഹാഭാരതത്തിലൂടെ കഥകളും അനുഭവങ്ങളും സന്ദേശങ്ങളുമായും വിവരിക്കുന്നത്. രാമായണത്തിലൂടെ ഒരു നല്ല രാഷ്ട്രം, നല്ല രാജാവ് എങ്ങിനെ ഭരിക്കണമെന്ന് രാമനിലൂടെയും ഭരതനിലൂടെയും കാണിച്ചുതരുന്നു. മഹാഭാരതത്തിൽ ധർമ്മപുത്രരിലൂടെയും അതുതന്നെ പ്രദർശിപ്പിക്കുന്നു. അത് വേദത്തിലെ **ലോകാസമസ്താ...** യുടേയും



Scanned with CamScanner

സർവ്വേ ഭവന്തു സുഖിനഃ സർവ്വേ സന്തു നിരാമയാ.... സ്വസ്തി പ്രജാഭ്യ പരിപാലയന്താം ന്യായേന മാർഗേണ മഹിം മഹീശാ.... ഈ വേദസന്ദേശങ്ങളുടെ പ്രായോഗികാവതരണമാണ്. ഒന്നു കൂടി ശ്രദ്ധിക്കുക. മാ വിദ്വിഷാവഹൈ... വിദ്വേഷമില്ലാത്ത രാമൻ, ഭരതൻ, പാണ്ഡവർ, അസതോ മാ സത്ഗമയ.... വിഭീഷണൻ രാവണപക്ഷത്തുനിന്ന് രാമപക്ഷത്തിലേക്കുവന്നു. തമസോ മാ ജ്യോതിർ ഗമയ..... ഗാന്ധാരിയും മണ്ഡോദരിയും ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്കു വന്നവരാണ്. മൃത്യോർമാ അമൃതം ഗമയാ ശബരിയും, ജഡായുവും, അഹല്യയും, വിദുരനുമെല്ലാം വേദനകളിൽ നിന്ന് വേദനയില്ലാത്ത അവസ്ഥയിലെത്തിയവരാണ്.

വേദം ആർക്കും പഠിക്കാവുന്നതാണ്, പക്ഷേ വർഷങ്ങളുടെ ബുദ്ധിമുട്ടായതിനാൽ പഠിക്കുന്നതിനുപകരം അതെല്ലാം പലപ്രാവശ്യം കേൾക്കുകയാണുത്തമം. ഓരോ വരിയുടേയും അർത്ഥം, സാവധാനത്തിൽ ഗ്രഹിക്കുക. സ്വയം ചിന്തിച്ച് അർത്ഥ-സാരജ്ഞാനം കൂടുതൽ കൂടുതൽ വിപുലീകരിക്കുക. വേദങ്ങൾ പഠിച്ചു തുടങ്ങാനേ സാധിക്കൂ. പഠിച്ചവസാനിപ്പിക്കാനാകില്ല. അത്രക്കും ഗഹനങ്ങളായ മാനേജ്മെന്റ് സന്ദേശങ്ങളാണതിലുള്ളത്. അതുകൊണ്ട് വേദങ്ങളിൽ സ്വാധ്യായ പ്രവചനാ ഭ്യാം ന പ്രമദിതവ്യം എന്നു പറയുന്നു. നിരന്തരം പഠിക്കുന്നത് (അറിയാൻ സാധിക്കുന്നത്/മറ്റുള്ളവരെ അറിയിക്കുക (പഠിപ്പിക്കുക) പഠിച്ചു പഠിപ്പിക്കുന്തോറും സന്ദേശജ്ഞാനത്തിന്റെ ആഴം കൂടുന്നതായിട്ടനുഭവപ്പെടും. വേദങ്ങളിൽ നിന്നു തന്നെ ബ്രാഹ്മണങ്ങളും, ആരണ്യകങ്ങളും ഉണ്ടായി. വേദങ്ങളുടെ ഭാഗമിയിട്ടോ, തുടർച്ചയായിട്ടോ, പ്രായോഗിക വിവരണങ്ങളായോ ബ്രാഹ്മണങ്ങളും ആരണ്യകങ്ങളും വരുന്നു. ബൃഹത്തായ ഗ്രന്ഥങ്ങളായോ ലഘുഗ്രന്ഥങ്ങളായോ ഇവ വരുന്നു. ഒരു പക്ഷേ വേദമന്ത്രങ്ങളെ യാഗം, പൂജ, ഹവനം, ഗൃഹ്യകർമ്മങ്ങൾ, തുടങ്ങിയവയ്ക്ക് പ്രയോഗിക്കുന്നത് ബ്രാഹ്മണങ്ങളിലും ആരണ്യകങ്ങളിലും കാണാം. ചില ബ്രാഹ്മണങ്ങളും ആരണ്യകങ്ങളും വേദത്തിന്റെ തന്നെ ഭാഗമാണ്. ഇപ്രകാരം പല രീതിയിലും വിവരണങ്ങൾ മാറ്റിയും മറിച്ചും വിവരിക്കുന്നതു വായിക്കുമ്പോൾ ചിലപ്പോൾ മനസ്സിലാക്കാൻ വിഷമം തോന്നിയേക്കാം. അതു കാര്യമാക്കേണ്ടതില്ല, കാരണം വ്യാവഹാരിക ജീവിതത്തിലൂടെ പോകുന്നവർക്ക് മേൽ വിവരിച്ചതൊന്നും പ്രസക്തമായ കാര്യങ്ങളല്ല. വേദത്തിന്റെ അഗാധതയിലേക്ക് പോകാനാഗ്രഹിക്കുന്നവർക്കുള്ളതാണ് അതെല്ലാം.

പുരാണകഥകളിൽ നിന്ന്, മഹാഭാരതത്തിലെ ജീവിതാനുഭവങ്ങളും കഥകളും ചേർന്നതിൽ നിന്ന് രാമായണത്തിലെ (കഥകളില്ലാത്ത) ജീവിതാ



Scanned with CamScanner

നുഭവങ്ങളും സന്ദേശങ്ങളും തുടങ്ങി നാം വേദങ്ങളിലെത്തി പിന്നെ ഉപനിഷത്തെന്ന അവസാനത്തെ (അഞ്ചാമത്തെ) പടിയിലെത്തുന്നു. ഇതിനെ വേദാന്തം എന്നും അറിയപ്പെടുന്നു. അതിനു കാരണം വേദത്തിന്റെ പോലും സന്ദേശസംക്ഷിപ്തമാണ് ഉപനിഷത്തിലുള്ളത്.

**5. ഉപനിഷത്തിന്റെ നിലവാരം :** പരമമായ സത്യത്തിന്റെ അടുത്തേക്കുള്ള പ്രയാണത്തിൽ, അതിന്റേയറ്റവുമടുത്ത് നമ്മെയെത്തിക്കുന്നതാണ് ഉപനിഷത്തുക്കൾ. അതിൽ പാരമാർത്ഥികമായ കാര്യങ്ങളും വ്യാവഹാരികമായ കാര്യങ്ങളുമുണ്ട്. ആദ്യത്തെ 10 ഉപനിഷത്തുക്കൾ (18 എന്നെടുക്കുന്നതും ശരിയാണ്) അതിഗഹനമായ തത്വങ്ങളാണ്. പഞ്ചഭൂതം, പഞ്ചപ്രാണൻ, പഞ്ചകർമ്മേന്ദ്രിയങ്ങൾ, പഞ്ചജ്ഞാനേന്ദ്രിയങ്ങൾ, ജീവൻ, ആത്മാവ്, പരമാത്മാവ്, ബ്രഹ്മം, പരബ്രഹ്മം എന്നിങ്ങനെയുള്ളതെല്ലാം ഉപനിഷത്തുക്കളിൽ വിവിധ ഋഷിവര്യന്മാർ ഒരേപോലെയോ വ്യത്യസ്തമായോ വിവരിക്കുന്നു. ഒരേ പുഷ്പത്തെ പലരും പലരീതിയിൽ വിവരിക്കുന്നതുപോലെയാണീ വിവരണങ്ങൾ. ഒന്നും പരസ്പര വിരുദ്ധമല്ല എല്ലാം പരസ്പര പൂരകമാണ്. ഉപനിഷത്തിന്റെ നിലവാരത്തിലെത്തുമ്പോൾ പുരാണങ്ങളും ഇതിഹാസങ്ങളും കളയേണ്ടതില്ല. കോണിപ്പടി ചവുട്ടി കയറുന്നതുപോലെയാണ് ഓരോ പടിയും കയറുമ്പോൾ നാം ചുവട്ടിലത്തേത് കളയാറില്ല. ബിരുദനിലവാരത്തിലെത്തുമ്പോൾ ചുവട്ടിലെ ക്ലാസുകളിൽ പഠിച്ചത് മറക്കാറില്ലല്ലോ. ശ്രീ നാരായണഗുരുദേവൻ കണ്ണാടി പ്രതിഷ്ഠയും വിളക്ക് പ്രതിഷ്ഠയും നടത്തുന്ന നിലവാരത്തിലേക്കുയർന്നപ്പോൾ ആദ്യമാദ്യം സ്ഥാപിച്ച ക്ഷേത്രങ്ങളും ഉപയോഗശൂന്യമാണെന്നു പറയുകയോ, മറ്റുള്ളവരവിടേക്ക് പോകരുതെന്നു പറയുകയോ ചെയ്തില്ല.

ശങ്കരാചാര്യർ ഉപനിഷത്തിന്നും ബ്രഹ്മസൂത്രത്തിനും ഗീതക്കും ഭാഷ്യമെഴുതുന്ന നിലവാരത്തിലെത്തിയിട്ടും ഭാരതത്തിലെ വിവിധ ക്ഷേത്രങ്ങൾ സന്ദർശിച്ചുകൊണ്ടിരുന്നു. മറ്റൊരർത്ഥത്തിൽ ശില മുതൽ ബ്രഹ്മചൈതന്യം വരെ ഒരേ വ്യക്തി ഉൾക്കൊള്ളുമ്പോഴാണ് പരമമായ അവസ്ഥയിലെത്തുന്നത്. എല്ലാം ബ്രഹ്മമയം ആകുമ്പോൾ ശിലയും, ഉറുമ്പും മരവും ബ്രഹ്മമയമാണല്ലോ! അല്ലെങ്കിൽ അതടങ്ങുന്നതാണല്ലോ. അപ്രകാരം ഉൾക്കൊള്ളാൻ സാധിക്കുന്ന അവസ്ഥയാണ് അഞ്ചാമത്തെ അവസ്ഥ. ആദ്യത്തെ നാലും കടക്കാതെ ഇവിടെയെത്താൻ വിഷമമാണ്. ഒരു ഗ്ലോബിലൂടെ ഭൂമിയെക്കുറിച്ചു പഠിക്കാനാരംഭിക്കുകയാണെളുപ്പം. പിന്നീട് മാപ്പ്, തുടർന്ന് ഇൻസാറ്റ് ചിത്രം പിന്നെ ലാറ്റിറ്റ്യൂഡും ലോഞ്ചി റ്റ്യൂഡും കൊണ്ടും ഭൂമിയിലെ സ്ഥാനം ഭൂമിയെ സ്ഥലങ്ങൾ എന്നിവ അറിയാൻ സാധിക്കും.



Scanned with CamScanner

നമ്മൾ പലപ്പോഴും പുരാണത്തിൽ നിന്നും മഹാഭാരത രാമായണങ്ങളിൽ നിന്നും ഉയരാൻ ശ്രമിക്കാറില്ല എന്നതാണ് വസ്തുത.

ഉപനിഷദ് നിലവാരത്തിലെത്താൻ അഗാധമായ ആധുനീക വിദ്യാഭ്യാസം വേണമെന്നില്ല. രാമകൃഷ്ണപരമഹംസർക്ക് അതു സാധിച്ചു. ശങ്കരാചാര്യർക്ക് നേരിട്ടു സാധിച്ചു, 32 -ാം വയസ്സിൽ ഈ ലോകത്തിൽ നിന്ന് യാത്ര പറയും മുമ്പുതന്നെ, അവിടെയെത്തി.

ഇത്രയുമെഴുതിയത് ഉപനിഷദ് തലത്തിലേക്കുയർന്ന വ്യക്തിയെ ബാഹ്യമായി കാണാൻ പ്രത്യേകതകളൊന്നുമുണ്ടാകണമെന്നില്ല, ആന്തരീകമായ വീക്ഷണമാണ് പ്രാധാന്യമർഹിക്കുന്നത്. ഞാനും, നീയും, ഈ ജീവാത്മാവും, പരമാത്മാവും, പ്രജ്ഞാനവും സ്വബോധവും എന്നതാണെന്ന തിരിച്ചറിവാണ് ഒരുവനെ ബ്രഹ്മജ്ഞാനിയുടെ നിലവാരത്തിൽ അഥവാ ഉപനിഷത്തിന്റെ നിലയിലേക്കെത്തിക്കുന്നത്.

ഈശാവാസ്യ ഉപനിഷത്തിന്റെ 18 മന്ത്രങ്ങളിലൂടെ വിവരിക്കുന്നത് സമഗ്രമായ ഒരു ജീവിതദർശനം അതിൽ അടങ്ങാത്തതായിട്ടൊന്നുമില്ല. എല്ലാ ഉപനിഷത്തുക്കളുടേയും സന്ദേശം അന്ത്യത്തിൽ ചെന്നെത്തുന്നത് ഈശാവാസ്യത്തിലാണെന്നെനിക്കുതോന്നുന്നു. ഈശാവാസ്യ ഉപനിഷദ് മാത്രം വേദത്തിന്റെയുള്ളിലുള്ള ഉപനിഷത്താണ്. അതായത് ശുക്ലയജുർവേദത്തിന്റെ 40-ാം അദ്ധ്യായമാണത്. ഉപനിഷത്തുക്കളിൽ പരമമായ truth, fact, essence (സത്യം) ഉം duty, responsibility, privellege (ധർമ്മം) ഉം സംക്ഷിപ്തമായി വിവരിക്കുന്നു. ഉപനിഷത്തുക്കൾ നേരിട്ടു പഠിക്കുന്നവർക്ക് വ്യാഖ്യാനങ്ങളിലൂടെ മാത്രമേ അവിടെയെത്താനാകൂ. പടിപടിയായി പഠിക്കുന്നവർക്ക് ഉപനിഷത്തിന്റെ നിലവാരത്തിലെത്തുമ്പോൾ അതു മനസ്സിലാകും എല്ലാ ഉപനിഷത്തുക്കളും ഒരേ നിലവാരം പുലർത്തുന്നതല്ല. ആദ്യത്തെ 10 അല്ലെങ്കിൽ 18 അതിഗഹനമായ ഉപനിഷത്തുക്കളാണ്. പിന്നെ 108 ഉപനിഷത്തുക്കളിൽ മേൽ വിവരിച്ചതു കൂടാത്ത ചിലതും ഗഹനമാണ്, ഉൾക്കാഴ്ച തരുന്നതുമാണ്. എല്ലാം അപ്രകാരമുള്ളതല്ല.

ഉപനിഷത്തുക്കൾ പഠിക്കുന്തോറും അതിനെക്കുറിച്ചു കൂടുതൽ കൂടുതൽ അറിയണമെന്നു തോന്നും. അതു മാത്രമല്ല അറിഞ്ഞതു പലതും യഥാർത്ഥ അറിവായിരുന്നില്ല അത് ഉപരിവിപ്ലവമായിരുന്നു എന്നും മനസ്സിലാകും. ഉപനിഷദ് നമ്മളെ വ്യാവഹാരിക ജീവിതത്തിൽ നിന്ന് പാരമാർത്ഥികസത്യത്തിലേക്കു കൊണ്ടുപോകുന്നു. അവിടെയെത്തുമ്പോൾ പുരാണത്തിലും മഹാഭാരതത്തിലും രാമായണത്തിലുമുള്ളതെല്ലാം സാധാരണക്കാർക്കുള്ളതാണെന്നും ഉപനിഷദ് അസാധാരണ

ക്കാർക്കുള്ളതാണെന്നും മനസ്സിലാകും. അലക്സാണ്ടർ, ഈശ്വരനെ കാണിച്ചുതരാമോ എന്ന് പിപ്പലാദമഹർഷിയോട് ചോദിച്ചപ്പോൾ പിപ്പലാദൻ ചിരിച്ചു. അലക്സാണ്ടർ പലതും, സ്വത്തും, രാജ്യവും, അധികാരവും പിപ്പലാദന് വാഗ്ദാനം ചെയ്തു. അതെല്ലാം കേട്ട് വനത്തിൽ കഴിയുന്ന പിപ്പലാദമഹർഷി വീണ്ടും ചിരിച്ചു. "നീ വെട്ടിപ്പിടിച്ചതും കെട്ടിപ്പടുത്തതും, പറ്റിച്ചെടുത്തതും ശാശ്വതമാണെന്നു തോന്നുന്നുണ്ടോ?" എന്നൊരു ചോദ്യം മാത്രം ചോദിച്ചുവത്രെ. ഒരു പക്ഷെ ഈ ചോദ്യമാണ് അലക്സാണ്ടറുടെ അന്ത്യയാത്രയിൽ അദ്ദേഹത്തിന്റെ മരണത്തിനു മുമ്പ് അദ്ദേഹത്തെക്കൊണ്ട് പറയിപ്പിച്ചത് "എന്റെ ശവപ്പെട്ടിയിൽ ആണിവെക്കും മുമ്പ് എന്റെ രണ്ടു കൈകളും പറത്തുവെച്ചു വേണം" എന്ന് പാരമാർത്ഥികസത്യം ഏതാനും വരികളിലൂടെയും ചിരിയിലൂടെയും അലക്സാണ്ടർക്കു മനസിലായി. ഇതാണ് ഉപനിഷത്തിന്റെ നിലവാരം. ഉപനിഷദ് നിലവാരം പുലർത്തുന്ന അതിഗഹനമായ സന്ദേശങ്ങൾ തന്നെയാണ് ഭാഗവതത്തിൽ കപിലമഹർഷി അമ്മയായ ദേവഹൂതിക്കു നൽകുന്നത്. അതുപോലെ രൗഗണന് ജഢഭരതൻ നൽകുന്ന സന്ദേശവും, ഉദ്ധവ ഗീതയും, ഉപനിഷദ് സന്ദേശങ്ങളുൾക്കൊള്ളുന്നു.

വിദുരൻ ധൃതരാഷ്ട്രക്കു കൊടുത്ത സന്ദേശത്തിലും കുറെയൊക്കെ ഉപനിഷദ് സത്തയുണ്ട്. മഹാഭാരതത്തിലെ ഭഗവദ് ഗീതയിലും, ഭീഷ്മോപദേശത്തിലും ഉപനിഷത്തിലെ താത്വീകതലവും പ്രായോഗിക തലവും വിവരിക്കുന്നു. ഉപനിഷത്തിന്റെ ഗഹനമായ സന്ദേശങ്ങൾ തന്നെയാണ് മറ്റൊരുവിധത്തിൽ പൂർവമീമാംസയും, ഉത്തരമീമാംസയും, വൈശേഷികശാസ്ത്രവും, യോഗശാസ്ത്രവും, ന്യാ/ശാസ്ത്രവുമല്ലാം. ഒറ്റനോട്ടത്തിൽ വ്യത്യാസമുള്ളതായി തോന്നുന്നുവെങ്കിലും വിവരിച്ചുകൊണ്ട് ആഴത്തിലേക്കുപോയാൽ എല്ലാം ഒന്നിലെത്തിച്ചേരും, ബ്രഹ്മസത്യം ജഗന്മിഥ്യ അതാണ് ഉപനിഷത്തിന്റെ നിലവാരവും.

സൂവോളജിയും, ബോട്ടണിയും, ബയോളജിയും, മൈക്രോ ബയോളജിയുമെല്ലാം ചേർന്നതാണ് ഇന്നത്തെ ലൈഫ് സയൻസ്. അതുപോലെയാണ് പരമമായ സത്യം വിവരിക്കുന്നതെല്ലാം ഉപനിഷത്താണ് ഉപനിഷദ് സന്ദേശമാണ്. നേരത്തേ സൂചിപ്പിച്ചതുപോലെ ഉപനിഷദ് എന്നതിന്റെ അർത്ഥം തന്നെ അടുത്തേക്കു കൊണ്ടുപോകുന്നു... പരമമായ സത്യത്തിന്റെ അടുത്തേക്ക് നയിക്കുന്നതാണ് ഉപനിഷദ്.

എല്ലാ നിലവാരത്തിലുമുള്ളവർക്കും ഉപനിഷത്തിലെത്താനാകില്ല. അവരവിടെ എത്തണമെന്നില്ല. എത്തിയാൽ തന്നെ അവരുടെ ജീവിതത്തിൽ



Scanned with CamScanner

മാറ്റം വരുത്തണമെന്ന് ഒരു നിർബന്ധവുമില്ല. ജീവിതവീക്ഷണത്തിൽ മാറ്റം വരാതിരിക്കില്ല. ജീവിതവീക്ഷണത്തിൽ മാറ്റം വന്നിട്ടില്ലെങ്കിൽ ഉപനിഷത്തിന്റെ നിലവാരത്തിലേക്കെത്തിയിട്ടില്ല എന്നു വ്യക്തം.

ഇനി നിങ്ങളുടെ ഉത്തരവാദിത്വമാണ്, മേൽവിവരിച്ച തരത്തിലും തലത്തിലും നിന്നുകൊണ്ട് ഈ അഞ്ചു വിഭാഗത്തിൽപെടുന്ന ഗ്രന്ഥങ്ങളെ വിലയിരുത്തി മനസ്സിലാക്കി മറ്റുള്ളവരെ പഠിപ്പിക്കുക എന്നത്.

ഉപനിഷത്തിന്റെ വീണ്ടും പറയട്ടെ. നിലവാരത്തിലെത്തിയ വ്യക്തികൾ, താഴെയുള്ള ഗ്രന്ഥങ്ങളിൽ നിന്നു പഠിച്ചതൊന്നും തന്നെ തിരസ്കരിക്കേണ്ടതില്ല. എം.എ. വരെ എത്തിയ വ്യക്തി താഴെയുള്ള ക്ലാസുകളിൽ നിന്നു പഠിച്ചത് തിരസ്കരിക്കാറില്ലല്ലോ. അതേ ന്യായമാണ് ഇവിടെയും ബാധകമായിട്ടുള്ളത്. ഗ്രന്ഥങ്ങളുടെ വ്യത്യസ്ഥതലം നിരന്തരം വായിച്ചുപഠിച്ചാലേ, ഉള്ളിലുണ്ടാകുന്ന സംശയങ്ങൾക്ക് സ്വയം ഉത്തരം കണ്ടെത്താനാകൂ. ഒരിക്കൽ വായിച്ചതു കൊണ്ടോ മറച്ചു നോക്കിയതു കൊണ്ടോ ഒന്നും അതിഗഹനമായ ഹിന്ദുധർമ്മഗ്രന്ഥങ്ങളിലെ വ്യാപ്തിയെക്കുറിച്ച് അറിയാനാകില്ല. എല്ലാവരും പറയുന്നത് കേൾക്കണം അതിൽ നിന്ന് പരമമായ ജ്ഞാനം കടഞ്ഞെടുത്ത് കണ്ടുപിടിക്കേണ്ടതായ ഉത്തരവാദിത്വം അവനവനുള്ളതാണ്. അത് മറ്റാർക്കും അടിയറ വെക്കരുത്. ചിന്തിക്കാനും ബുദ്ധിപരമായി വിശകലനം ചെയ്ത് തള്ളേണ്ടത് തള്ളാനും കൊള്ളേണ്ടത് കൊള്ളാനുമുള്ള വിവേകം അവനവനുണ്ടാകണം. നമ്മളെ പഠിപ്പിക്കൽ ആരുടേയും ഉത്തരവാദിത്വമല്ല. നാം സ്വയം പഠിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. അറിഞ്ഞു കൂടാത്തത് അറിഞ്ഞു കൂടെന്നറിയണം അതെല്ലാം പഠിക്കണം.

ഉപനിഷത്തുക്കളുടെ നിലവാരത്തിൽ വരുന്ന ഗ്രന്ഥങ്ങൾ തന്നെയാണ് ദർശനങ്ങൾ. ദർശനം എന്ന വാക്കിന് ഫിലോസഫി എന്നോ തത്വശാസ്ത്രം എന്നോ പറയുന്നത് ശരിയാണെന്നു തോന്നുന്നില്ല. കാരണം ദർശനങ്ങൾ തത്വശാസ്ത്രങ്ങളുടെ നിലവാരം പുലർത്തുന്ന വീക്ഷണങ്ങളാണ്. ആ ഗ്രന്ഥങ്ങളിലും ലോകത്തിന്റെ ഘടനയും നിലനിൽപ്പും വിവരിക്കുന്നു. അതിലും അത്യഗാധമായ പാരമാർത്ഥിക യാഥാർത്ഥ്യങ്ങളും കുറച്ചു വ്യാവഹാരിക യാഥാർത്ഥ്യങ്ങളും വിവരിക്കുന്നു. ഇവയെല്ലാം പാഠ്യവിഷയങ്ങളാണ്. പോസ്റ്റുറു ഗ്രാജ്വേറ്റ് കോഴ്സുകളാണ്. എം.എ. ന്യായം, വൈശേഷികം, മീമാംസ, സാംഖ്യം, യോഗ എന്നിവ ഭാരതത്തിലെ വിവിധ യൂണിവേഴ്സിറ്റികളുടെ പഠന വിഷയഭാഗമാണ്. ഇതിൽ പതഞ്ചലി മഹർഷിയെഴുതിയ യോഗസൂത്രം, ഷഡ്ദർശനങ്ങളിൽ വളരെ പ്രധാനപ്പെട്ടതും ലോകാംഗീകാരം നേടിയതുമായ വിഷ



Scanned with CamScanner

യമാണ്. അത്യാധുനിക ശാസ്ത്രത്തിനു പോലും പ്രയോജനപ്പെടുത്താവുന്ന മനസ്സിന്റെ സാധ്യതകളെക്കുറിച്ചുള്ള വിവരണമാണ് യോഗസൂത്രത്തിലടങ്ങിയിരിക്കുന്നതെന്ന് മനസ്സിലായിത്തുടങ്ങിയത് അടുത്ത കാലത്താണ്. യോഗസൂത്രത്തിലെ ഏതാനും സൂത്രങ്ങൾ മാത്രമാണ് അഷ്ടാംഗയോഗം എന്നു പറയുന്നത്.

പ്രധാനമായും ഇവിടെ നാം മനസ്സിലാക്കാനുള്ളത്, ദർശനം സാധാരണക്കാർക്ക് വളരെ എളുപ്പത്തിൽ പ്രാപ്യമല്ലാത്ത ഒരു വിഷയമാണ്. അതിന് ദശോപനിഷത്തുക്കളുടെ നിലവാരമാണുള്ളതെന്നു വേണമെങ്കിൽ വിവരിക്കാം.

ഇതിലൊന്നിലും ഉൾപ്പെടാത്ത ഗ്രന്ഥങ്ങളുമുണ്ട്. ഉദാഹരണത്തിന് യോഗവാസിഷ്ഠം! അത് ദർശനങ്ങളുടെ തലത്തിലുള്ള അതിബൃഹത്തായ ഗ്രന്ഥമാണ്. സന്ദേശങ്ങളും വിവരണങ്ങളും കൊണ്ട് നിറഞ്ഞതാണീ ഗ്രന്ഥം.

ഒരിക്കൽ കൂടി എടുത്തുപറഞ്ഞാൽ; ആയിരക്കണക്കിന് ഋഷീശ്വരന്മാർ കഴിഞ്ഞ ആയിരക്കണക്കിന് വർഷങ്ങളായി ആയിരക്കണക്കിന് വിഷയങ്ങളുള്ള ആയിരക്കണക്കിന് ഗ്രന്ഥങ്ങൾ ഈ അഞ്ചു വിഭാഗത്തിലാക്കി വിവരിക്കുന്നത് നമ്മുടെ പഠനത്തിന് (സാധാരണക്കാർക്ക്) അത് ഏറെ സഹായിക്കുമെന്നതിനാലാണ്.

ഈ ഗ്രന്ഥങ്ങളുടെയെല്ലാം പരമമായ ലക്ഷ്യം എന്നത്; അതിൽ നിന്ന് കഥകളും, അനുഭവങ്ങളും, സന്ദേശങ്ങളും, പാരമാർത്ഥികവും വ്യാവഹാരികവുമായ സത്യങ്ങളും തത്വങ്ങളും പഠിച്ചുൾക്കൊണ്ട് നമ്മുടേയും, നമ്മുടെ കുടുംബത്തിന്റേയും, സമൂഹത്തിന്റേയും രാഷ്ട്രത്തിന്റേയും ഗതിനന്മയിലേക്ക് മാറ്റുക. ലക്ഷ്യബോധവും, ഫലപ്രദവും, പ്രയോജനപ്രദവും, അർത്ഥവത്തുമായ ഒരു ജീവിതം നയിക്കുകയും നയിപ്പിക്കുകയും ചെയ്യുക എന്നതുതന്നെ. ഇനിയുള്ള വിവരണങ്ങളിലെ ആചാരങ്ങളും ആത്മീയതയും ഈ ഗ്രന്ഥങ്ങളിലും തന്നെയുള്ളതാണ്. മേൽവിവരിച്ച ഓരോ ഗ്രന്ഥത്തിൽ അതാതിന്റെ നിലവാരത്തിലുള്ള ആചാരാനുഷ്ഠാനവിവരണങ്ങളും ആത്മീയതയുമുണ്ട്.

## II. ഭാരതീയ ആചാരാനുഷ്ഠാനങ്ങൾ

നമ്മൾ പഠിക്കുന്നത് ഭാരതീയ പൈതൃകത്തെക്കുറിച്ച് അറിയാനും അറിയിക്കാനുമുള്ള 15 പോയിന്റുകളാണ് അതിൽ അഞ്ചുപോയിന്റുകൾ ഭാരതീയ ഗ്രന്ഥങ്ങളെക്കുറിച്ചാണ്. അത് വിവരിച്ചുകഴിഞ്ഞു. ഇനിയുള്ള അഞ്ചു പോയിന്റുകൾ നമ്മുടെ ആചാരാനുഷ്ഠാനങ്ങളെക്കുറിച്ചുള്ളതാണ്.



Scanned with CamScanner

ആചാരങ്ങളും, അനുഷ്ഠാനങ്ങളും, രീതികളും, കീഴ്‌വഴക്കങ്ങളും, എല്ലാം കുറെയൊക്കെ ബന്ധപ്പെട്ടിരിക്കുന്നുവെങ്കിലും ഓരോന്നും വ്യക്തമായി നിർവ്വചിക്കപ്പെട്ടിരിക്കുന്നു. ആചാരാനുഷ്ഠാനങ്ങൾ നമ്മളെ സ്വർഗത്തിലേക്കു നയിക്കാനുള്ള മാർഗമായി വ്യാഖ്യാനിക്കുന്നത് ശരിയല്ല. അവയെല്ലാം ഭൂമിയിലെ ജീവിതം സ്വർഗസമാനമാക്കാനുള്ള ഉപാധികളാണ്. ആചാരങ്ങളെല്ലാം ഉത്ഭവിച്ച് വികസിച്ചതും വികസിപ്പിച്ചെടുത്തതും നാലു പ്രമാണങ്ങളിലൂടെയാണ്. അവയൊന്നും അന്ധമായി ഉത്ഭവിച്ചതോ ആചരിച്ചുതുടങ്ങിയതോ വാമൊഴിയായി വന്നതോ അല്ല. അതെല്ലാം വരമൊഴിയായിത്തന്നെ നമ്മുടെ പൂർവ്വികർ എഴുതി തന്ന് തലമുറകളോട് അനുഷ്ഠിക്കുവാൻ പറഞ്ഞതാണ്. ഇവയെല്ലാം ജീവിതത്തിന്റെ ഭാഗമാക്കുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനതത്വങ്ങളിലൊന്നാമത്തേത് ശാസ്ത്രം പ്രമാണം എന്ന നിർദ്ദേശമാണ്. എന്തെല്ലാം നാം അനുശാസിക്കുന്നുണ്ടോ അതിനെല്ലാം ശാസ്ത്രം പ്രമാണമായിട്ടുണ്ടായിരിക്കണം. ആരോ എപ്പോഴോ എങ്ങിനെയോ എന്തോ ആർക്കോ എവിടെ വെച്ചോ പറഞ്ഞു എന്നത് ആചാരങ്ങളനുഷ്ഠിക്കാനുള്ള നിബന്ധനയാകുന്നില്ല. അതിനൊരു വ്യക്തമായ ആധികാരികത വേണമെന്ന് ഭഗവാൻ കൃഷ്ണൻ ഭഗവദ്ഗീതയിൽ പറഞ്ഞതാണ്. ശാസ്ത്രം പ്രമാണം എന്നത്.

നാം അനുഷ്ഠിക്കുന്ന ആചാരങ്ങൾക്ക് ശാസ്ത്രഗ്രന്ഥങ്ങളോ ശാസ്ത്രജ്ഞാനികളോ വ്യക്തമായ നിർദ്ദേശങ്ങൾ മുമ്പോട്ടു വെച്ചിട്ടില്ലായെങ്കിൽ അടുത്ത നിർദ്ദേശം പ്രത്യക്ഷം പ്രമാണം എന്നതാണ്. ഇത് ന്യായശാസ്ത്രത്തിലെ വിവരണത്തിൽ നൽകുന്നു. ഏതു വാദപ്രതിവാദങ്ങൾക്കും ഈ പ്രത്യക്ഷം പ്രമാണം (seeing is believing) വളരെ പ്രാധാന്യമുള്ള അടിസ്ഥാന നിർദ്ദേശമാണ്. എല്ലാം കണ്ണുമടച്ച് വിശ്വസിക്കാറുമില്ല കണ്ണുമടച്ച് വിശ്വസിക്കാൻ പറയാറുമില്ല. അത് ഭയപ്പെടുത്തി, ദൈവകോപമുണ്ടാകുമെന്നു പറഞ്ഞ് ആരെക്കൊണ്ടും അനുശാസിപ്പിക്കാൻ നമ്മുടെ പൂർവ്വീകർ ഉപദേശിച്ചിട്ടുമില്ല.

മൂന്നാമത്തെ പ്രമാണമെന്നത് ആപ്തവാക്യം പ്രമാണം പണ്ഡിതരും ജ്ഞാനികളുമായ വ്യക്തികളുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ആചാരങ്ങൾ അനുഷ്ഠിക്കണം. മേൽവിവരിച്ച രണ്ടു പ്രമാണങ്ങളുപയോഗിച്ച് നമ്മുടെ ആചാരങ്ങൾ വിലയിരുത്താൻ ബുദ്ധിമുട്ടു തോന്നുന്നുവെങ്കിൽ ഈ മൂന്നാമത്തെ പ്രമാണം കമ്പ്യൂട്ടർ യുഗത്തിൽ ഏറെ പ്രയോജനപ്രദമാണ്. മൊബൈൽ ഫോൺ ഈമെയിലുമെല്ലാം സർവ്വസാധാരണമായി ഉപയോഗിക്കുന്ന ഇക്കാലത്ത് ഏതെങ്കിലും ആചാര



Scanned with CamScanner

ത്തിന്റെ പ്രസക്തിയെക്കുറിച്ചന്വേഷിച്ചതിനുശേഷം ആചരിക്കുന്നത് ഇപ്പോൾ പണ്ടത്തേക്കാൾ എളുപ്പമാണ്. ആപ്തവാക്യം എന്ന പദത്തിന്റെ അർത്ഥം ശ്രേഷ്ഠന്മാരുടെ നിർദ്ദേശം എന്നാണ്. ഈ നിർദ്ദേശം നൽകിയിരിക്കുന്നത് ധർമ്മശാസ്ത്രങ്ങളാണ്. അതുകൊണ്ട് ഈ പ്രമാണത്തിന് ആധികാരികത ഏറ്റവും കൂടുതലുണ്ടുതാനും. കാരണം ധർമ്മശാസ്ത്ര ഗ്രന്ഥങ്ങളാണ് നാമനുഷ്ഠിക്കുന്ന ആചാരങ്ങളുടെ സ്രോതസ്.

നാലാമത്തെ പ്രമാണമാകട്ടെ ഉപവേദങ്ങളിലൊന്നായ ആയുർവേദത്തിലുള്ളതാണ്. അനുമാനം പ്രമാണം അനവധി പരിശോധനകളുടേയും വിലയിരുത്തലുകളുടേയും കീഴ്വഴക്കങ്ങളുടേയും അടിസ്ഥാനത്തിൽ നാം ഊഹിച്ചെടുക്കുന്നതിന്റെ അടിസ്ഥാനത്തിൽ നമുക്ക് നന്മ നിറഞ്ഞതെന്നു തോന്നുന്ന ആചാരങ്ങൾ അനുഷ്ഠിക്കാവുന്നതാണ്. അഥവാ നന്മനിറഞ്ഞത് അനുഷ്ഠിക്കേണ്ടതാണ്.

ഇങ്ങിനെ ശാസ്ത്രം പ്രമാണം, പ്രത്യക്ഷം പ്രമാണം, ആപ്തവാക്യം പ്രമാണം, അനുമാനം പ്രമാണം എന്നീ നാലു പ്രമാണങ്ങളുടെ അടിസ്ഥാനത്തിലാണ് ഭാരതീയ ആചാരങ്ങൾ ഉത്ഭവിച്ച് വികസിപ്പിച്ചു പോന്നത്.

ഇനിയും ശ്രദ്ധിക്കേണ്ടതായ നാലു കാര്യങ്ങൾ ഉണ്ട്. ആചാരാനുഷ്ഠാനങ്ങൾ നാം സ്വീകരിക്കേണ്ടതിന്റെ മറ്റൊരടിസ്ഥാന തത്വമതാണ്.

**ആചാര്യാത് പാദമാദത്തെ പാദം ശിഷ്യ സ്വമേധയാ**

**പാദം സ ബ്രഹ്മചാരിഭ്യഃ ശേഷം കാലക്രമേണ ച**

ആചാര്യനിൽ നിന്ന് കാൽഭാഗം അറിവു മാത്രമേ ലഭ്യമാകൂ, അല്ലെങ്കിൽ ആചാര്യനിൽ നിന്ന് ലഭിക്കുന്നതിന്റെ കാൽഭാഗമേ മാർഗദർശനത്തിനായി സ്വീകരിക്കേണ്ടതുള്ളൂ. കാലഘട്ടം മാറുന്നതിനനുസരിച്ച് ജീവിക്കുവാൻ, ആചാര്യൻ കാൽഭാഗം അറിവുമാത്രമേ നമുക്കു നൽകുകയുള്ളൂ എന്നീ പ്രകാരമുള്ള വ്യാഖ്യാനങ്ങൾ എടുക്കണം. രണ്ടാമത്തെ കാൽഭാഗം നാം സ്വന്തം ബുദ്ധിയും, വിവേകവുമുപയോഗിച്ച് ചിന്തിച്ചെടുത്തു ജീവിതത്തിലനുശാസിക്കണം. മൂന്നാമത്തെ കാൽഭാഗമാകട്ടെ പണ്ഡിതരും, ചിന്തകരും, സഹപാഠികളും, ബന്ധുക്കളും സുഹൃത്തുക്കളും നൽകുന്നതായിരിക്കണം. ബാക്കിയുള്ള കാൽഭാഗം ജീവിതത്തിൽ മുന്നോട്ടുള്ള പ്രയാണത്തിൽ നേടേണ്ടതാണ്. ഇതിനെ വേണമെങ്കിൽ ഇംഗ്ലീഷിൽ ഇങ്ങിനെ പറയാം; addition, deletion, modification, correction ലൂടെ ലഭ്യമാക്കണം.

ഇവിടെ ആചാര്യൻ എന്നത് ഇംഗ്ലീഷിലെ mentor ആണ്, ഗുരുവല്ല അതാ



Scanned with CamScanner

യത് teacher അല്ല. ആചാര്യൻ എന്ന പദത്തിന് നമ്മെ മുന്നോട്ടു നയിക്കുന്ന വ്യക്തിയെന്നാണർത്ഥം. മനസ്സിലെ ഇരുട്ടകറ്റുന്ന ഗുരു എന്നല്ല അർത്ഥം. അതുകൊണ്ട് ആചാര്യൻ നിന്ന സ്ഥലത്തു നിൽക്കേണ്ട ആളല്ല. നമ്മെ നിന്ന സ്ഥലത്തു നിർത്തേണ്ട ആളുമല്ല. മുന്നോട്ടു നയിക്കേണ്ട ആളാണ്. അതുകൊണ്ട് ആചാരങ്ങൾ stagnant or static അല്ല dynamic ആണ്. മാറിക്കൊണ്ടേയിരിക്കും മാറ്റിക്കൊണ്ടേയിരിക്കണം. ഇതാണ് ഹിന്ദുധർമ്മത്തിന്റെ മഹത്വം. നാം ചോദ്യം ചെയ്യാതെ വിശ്വസിക്കാൻ നിർബ്ബന്ധിച്ചിട്ടില്ല. നമ്മുടേതുമാത്രമേ സ്വീകരിക്കാവൂ എന്നോ മറ്റാരുടേയെങ്കിലും സ്വീകരിച്ചാൽ നരകത്തിലേക്കു പോകുമെന്നോ പറഞ്ഞിട്ടില്ല.

ചുറ്റുപാടുകളിലെയും പ്രകൃതിയിലെയും ജീവനുള്ളതിന്റേയും ജീവനില്ലാത്തതിന്റേയും നിലനിൽപ്പിന്റെ സന്ദേശങ്ങൾ പഠിച്ചാണ് ശ്രീകൃഷ്ണൻ സാന്ദീപനി മഹർഷിയുടെ ആശ്രമത്തിൽ നിന്ന് 64 ദിവസങ്ങൾ കൊണ്ട് 64 വിദ്യകൾ പഠിച്ചു പുറത്തുവന്നതത്രെ. ഈ ഒരു സന്ദേശം തന്നെയാണ് വേദങ്ങൾ നൽകുന്നത്. **ആ നോ ഭദ്രാഃ ക്രതവോ യന്തു വിശ്വതഃ** നന്മനിറഞ്ഞ ചിന്താധാരകൾ ലോകത്തിലെല്ലായിടത്തു നിന്നും നമ്മിലേക്കു വന്നു ചേരട്ടെ എന്ന പ്രായോഗിക പ്രാർത്ഥനയാണ്.

ഭഗവാൻ കൃഷ്ണൻ ജ്ഞാനം വിജ്ഞാനസഹിതം യദ്ജ്ഞാത്വാമോക്ഷ്യതേ അശുഭാത് എന്നു പറഞ്ഞതും. ആത്മീയമായ ജ്ഞാനം, ശാസ്ത്രീയമായ വിജ്ഞാനത്തിന്റെ സഹായത്താൽ വിശകലനം ചെയ്തതിനുശേഷം അനുശാസിച്ചാൽ ആത്മീയജ്ഞാനത്തിൽ അന്ധവിശ്വാസങ്ങളുണ്ടാകില്ല എന്നതിനാലാണ്. കൃഷ്ണന്റെ ഈ വരിയായിരുന്നു, ആൽബർട്ട് ഐൻസ്റ്റിന് Religion നെയും Science നെയും ബന്ധിപ്പിക്കാനുള്ള ആവേശം നൽകിയത്.

ആചാരങ്ങൾ സ്വീകരിക്കുവാൻ അഥവാ പഠിപ്പിക്കുവാൻ ബന്ധപ്പെടുന്ന ആചാര്യനെക്കുറിച്ചും നമ്മുടെ പൂർവികർക്ക് വ്യക്തമായ കാഴ്ചപ്പാടുകളുമുണ്ടായിരുന്നു. ആചാര്യനെക്കുറിച്ചും അവർ നിർവചിച്ചിരുന്നു.

ആചിനോതി പ ശാസ്ത്രാർത്ഥാൻ ശിഷ്യാൻ സാധയതേ സ്വധ
സ്വയം ആചരതിചൈവ സഃ ആചാര്യ ഇതി സ്മൃതാ

നമ്മുടെ സംശയങ്ങൾ തീർക്കാനും ആചാരങ്ങളെക്കുറിച്ച് വ്യക്തമായ ധാരണയുണ്ടാക്കാനും നാം ബന്ധപ്പെടുന്ന ആചാര്യന്മാർ, ശാസ്ത്രീയമായി ആചാരങ്ങളെക്കുറിച്ച് അറിയുന്നവരായിരിക്കണം, ശിഷ്യന്മാർക്ക് എളുപ്പത്തിൽ മനസ്സിലാകുന്ന വിധത്തിൽ പറഞ്ഞുകൊടുക്കാൻ കഴിവുള്ളവരായിരിക്കണം. ഉപദേശിക്കുന്ന കാര്യങ്ങൾ സ്വന്തം ജീവിത



Scanned with CamScanner

ത്തിൽ പകർത്തുന്നവരായിരിക്കണം. ഈ ഗുണങ്ങളുള്ളവരെയാണ് (നാം) ആചാര്യന്മാരായി സ്മരിക്കുന്നത്. ഈ സന്ദേശം ബുദ്ധിക്കും യുക്തിക്കും നിരക്കുന്നതും കാലഘട്ടത്തിന്നു ചേർന്നതുമാണല്ലോ.

പണ്ടുള്ളവർ പറഞ്ഞതുകൊണ്ട് ആചരിച്ചു എന്ന കാരണത്താൽ അനുഷ്ഠിക്കേണ്ടതല്ല അനാചാരങ്ങളും ദുരാചാരങ്ങളും. അതുപോലെ കാലഘട്ടത്തിനനുസരിച്ചും ദേശത്തിനനുസരിച്ചും മാറ്റം വരുത്തേണ്ടതുമാണ്. താതസ്യകൂപോ/യം ഇതി ബ്രുവാണ കാ പുരുഷ ക്ഷാരജലം പിബതി ന അച്ഛൻ കുഴിച്ച കിണറാണെന്നു പറഞ്ഞ് ഏതു മനുഷ്യനാണ്, ആ കിണറ്റിലിപ്പോൾ ഉപ്പുവെള്ളമാണുള്ളതെങ്കിൽ, അതു കുടിക്കുന്നത്. അച്ഛൻ ആചരിച്ചിരുന്നതും അനുഷ്ഠിച്ചിരുന്നതുമായത് ഇക്കാലഘട്ടത്തിലേക്ക് യോജിച്ചതല്ലയെങ്കിൽ അത് തിരസ്കരിക്കാൻ മടിക്കേണ്ടതില്ലയെന്നർത്ഥം.ആചാരങ്ങളനുഷ്ഠിക്കുന്നത് എല്ലായിടത്തും ഒരുപോലെയല്ലായെന്ന് ധർമ്മശാസ്ത്രം നിർദ്ദേശിക്കുന്നു.

**സ്വഗ്രാമേ പൂർണമാചാരം അന്യഗ്രാമേ ദർദ്ധകം**
**പട്ടണേതു തദ്പാദം യാത്രേ ബാലാദാചരതേത്.**

ജനിച്ചു വളർന്ന ഗ്രാമത്തിലാണ് ജീവിക്കുന്നതെങ്കിൽ അവിടെ ആചാരങ്ങൾ പൂർണമായും അനുഷ്ഠിക്കണം. മറ്റൊരു ഗ്രാമത്തിലേക്ക് താമസം മാറ്റിയാൽ അതിന്റെ പകുതിമതി. പട്ടണത്തിലാണ് വാസമെങ്കിൽ കാൽഭാഗവും യാത്രയിലാണെങ്കിൽ ആചാരങ്ങൾ പൂർണമായും ഒഴിവാക്കാം.

ഇവിടെയും നമ്മുടെ പൂർവീകർ ബുദ്ധിക്കും യുക്തിക്കും ശാസ്ത്രത്തിനും നിരക്കാത്തത് പറഞ്ഞിട്ടില്ലെന്നു മനസ്സിലാകും. ഇങ്ങിനെയെല്ലാം ആചാരത്തിന്റെ അടിസ്ഥാനശിലകൾ. ആചാരപ്രഭവോധർമ്മ സനാതന ധർമ്മം പ്രഭാപൂരിതമാകുന്നത് ആചാരങ്ങളിലൂടെയാണ്. മറ്റൊരർത്ഥത്തിൽ സനാതനധർമ്മം എന്നത് ആചാരങ്ങളുടെ സമാഹാരമാണ്.

അമ്മഅനുഷ്ഠിക്കേണ്ടതായ ആചാരങ്ങളെല്ലാം ചേർത്തെഴുതിയാൽ അത് മാതൃധർമ്മമായത്തീരും. പിതാവനുഷ്ഠിക്കേണ്ടതെല്ലാം ചേർത്തെഴുതിയാൽ അത് പിതൃധർമ്മവും. ഇങ്ങിനെ പുത്രധർമ്മം, പുത്രീധർമ്മം, പത്നീധർമ്മം, ഭർതൃധർമ്മം, ഭ്രാതൃധർമ്മം, പൗരധർമ്മം, ആചാര്യധർമ്മം, രാജധർമ്മം, അമാതൃധർമ്മം... ഇതെല്ലാം ചേർത്തെഴുതിയാൽ അതാണ് സനാതനധർമ്മം. ഹിന്ദുധർമ്മം ഒരു മതമല്ല ജീവിതരീതിയാണെന്നു പറയാൻ കാരണമിതാണ്. ലോകത്തിൽ 9 മതങ്ങളുള്ളതിൽ മതമല്ലാത്ത ഒരു ധർമ്മം സനാതനധർമ്മമാണ്. അത് ആയിരക്കണക്കിന് ഋഷീശ്വര



Scanned with CamScanner

ന്മാരുടെ സംഭാവനയാണ്. അവർ ആയിരക്കണക്കിന് ഗ്രന്ഥങ്ങളിലൂടെയാണ് ധർമ്മസന്ദേശങ്ങൾ നൽകിയത്. അതിലാകട്ടെ ആയിരക്കണക്കിന് വിഷയങ്ങളടങ്ങുന്നു. അതെല്ലാം ഇപ്പോഴും ജീവിച്ചിരിക്കുന്ന ഋഷിവര്യന്മാർ പരിഷ്കരിച്ചുകൊണ്ടേയിരിക്കുന്നു. അതുകൊണ്ട് സനാതനം എന്ന പദം തന്നെ ചിരപുരാതനം+ നിത്യനൂതനം= സനാതനം ആയിത്തീരുന്നു. ഈ ആചാരങ്ങളെല്ലാം അനുഷ്ഠിക്കുന്നത്, മറ്റു മതങ്ങളിലെ മതാധിഷ്ഠിതമായ ആത്മീയതയുടെ വിശ്വാസത്തിലേതുപോലെ ദൈവീക ലക്ഷ്യം വെച്ചുള്ളതല്ല. ഭൗതിക ആചാരങ്ങളിൽ ആത്മീയതയുണ്ടാകാം. എന്നാൽ അത് ദൈവപ്രീതിക്ക് ലക്ഷ്യംവെച്ച് ആത്മീയത മാത്രം അടങ്ങുന്നതല്ല എന്ന് ധർമ്മശാസ്ത്രം വ്യക്തമാക്കുന്നു.

**ആചാരാത് ലഭതേ ഹ്യായുഃ ആചാരാത് ധനമക്ഷയ്യം**
**ആചാരാത് ലഭതേ സുപ്രജാ ആചാരോ/ഹന്ത്യലക്ഷണം**

ആചാരങ്ങളനുഷ്ഠിക്കുന്നത് ആയുരാരോഗ്യ സൗഖ്യത്തിനും, സമ്പൽ സമൃദ്ധിക്കും വളരെ നല്ല സാമൂഹിക ബന്ധത്തിനും നന്മനിറഞ്ഞ വ്യക്തിത്വത്തിനുമാണ്. മറ്റെല്ലാ മതങ്ങളും ഈശ്വരനെ സന്തോഷിപ്പിക്കാൻ ആചാരങ്ങളനുഷ്ഠിക്കുമ്പോൾ ഭാരതീയർ മേൽ പറഞ്ഞ കാര്യങ്ങൾക്ക് പ്രാധാന്യം നൽകുന്നു. മാർഗവും ലക്ഷ്യവും ഇപ്പറഞ്ഞ കാര്യങ്ങളാകുമ്പോൾ ശ്രദ്ധ കൂടുതൽ ലഭിക്കാനായി അതിലേക്ക് (സിമന്റു പോലെ) ആത്മീയതയും ചേർക്കുന്നു എന്നു പറയുന്നതാവും ശരി. ആചാരങ്ങളിൽ ആത്മീയതയേക്കാൾ കൂടുതൽ മാനസികം+ശാരീരികം+ കുടുംബപരം+സാമൂഹികം+രാഷ്ട്രപരമായ ഭൗതിക കാര്യങ്ങളാണുള്ളത്. മറ്റൊരർത്ഥത്തിൽ മനസ്സിനെ ചൈതന്യവത്താക്കുക, ശരീരത്തെ ആരോഗ്യമുള്ളതാക്കുക, കുടുംബബന്ധങ്ങളെ ദൃഢമാക്കുക, സാമൂഹികബന്ധം ശക്തിപ്പെടുത്തുക, രാഷ്ട്രത്തിന്റെ ഐക്യം ഉറപ്പാക്കുക ഇവയ്ക്കാവശ്യമായ ആത്മീയത ആചാരങ്ങളിൽ വേണ്ടത്രയും അളവിൽ മാത്രം ചേർക്കുക.

നാം 1 മുതൽ 5 വരെ പോയിന്റുകളായി, ആദ്യഭാഗത്തിൽ (ഗ്രന്ഥങ്ങൾ) വിവരിച്ച എല്ലാ ഗ്രന്ഥങ്ങളിലും നാം ഇന്നനുഷ്ഠിക്കുന്ന ആചാരങ്ങൾ അതേ പടിയോ അല്ലെങ്കിൽ ഈ ആചാരങ്ങളുടെ വേരുകളായോ കാണാനാകും. ആയിരക്കണക്കിന് ആചാരങ്ങളാണുള്ളത്. ദേശവും കാലവും മാറുന്നതിനനുസരിച്ച് ആചാരങ്ങളും അവയുടെ അനുഷ്ഠാനരീതികളും മാറുന്നുണ്ടാകും. അതിനനുവാദവും പൂർവ്വികർ നമുക്ക് നൽകിയിരുന്നു. പുരാണങ്ങളുടെ ഭക്തിചേർത്ത് അനവധിവ്രതാനുഷ്ഠാനങ്ങളും, തീർത്ഥയാത്രയും, അവതാരങ്ങളുമായി ബന്ധപ്പെട്ട കഥകളുടെ അടി



Scanned with CamScanner

സ്ഥാനത്തിലുള്ള ആചാരങ്ങളുമുണ്ട്. അതുപോലെ 15 തിഥിയും 27 നക്ഷത്രവും, 12 മാസങ്ങളും 60 വർഷങ്ങളുമായി ബന്ധപ്പെട്ട അനവധി ആചാരങ്ങൾ വിവരിക്കപ്പെടുന്നതെല്ലാം പുരാണത്തിലാണ് പ്രധാനമായും വരുന്നത്. മഹാഭാരതത്തിൽ പാണ്ഡവരും അതിലെ ചരിത്രപുരുഷന്മാരും അനുശാസിച്ചിരുന്ന ആചാരവിവരണങ്ങളുണ്ട്. അതിൽ പലതും നമുക്കു പകർത്താണ്ടതല്ല. വാത്മീകി രാമായണത്തിൽ വിവരിക്കുന്ന പലതും ആചരണങ്ങളുടെ ഭാഗമായി വരുന്നില്ല. എന്നാലും ലവകുശന്മാർ, ആദ്യമായി, വാത്മീകിയെഴുതിയ രാമായണം ശ്രീരാമസന്നിധിയിൽ വിവരിക്കുന്ന ആ കാലയളവ് കേരളത്തിൽ കർക്കിടക മാസമായി വരുന്നതു കൊണ്ടാണ് കർക്കിടകമാസം രാമായണ മാസമായി വന്നത് എന്നു പറയപ്പെടുന്നു.

വേദങ്ങളിൽ യാഗകർമ്മങ്ങളുമായി ബന്ധപ്പെട്ട സന്ദേശങ്ങളും അവയുടെ യാഗകർമ്മങ്ങളിലൂടെയുള്ള പ്രയോഗവുമാകുമ്പോൾ സാധാരണക്കാർക്ക് വേദങ്ങളിൽ നിന്നെടുത്തതെന്നു പറയാവുന്ന ആചാരങ്ങൾ അനുഷ്ഠിക്കാനായിട്ടില്ല. പിന്നെ വരുന്നതാണ് ഉപനിഷത്തുക്കൾ. ആദ്യത്തെ 10 അല്ലെങ്കിൽ 18 ഉപനിഷത്തുക്കളിലും ആചാരവിവരണങ്ങളില്ല. പിന്നിടുവരുന്ന ഉപനിഷത്തുക്കളിൽ യോഗം, ഭസ്മ-രുദ്രാക്ഷ-പൂജ-പ്രാർത്ഥന-ആരാധന-സൂര്യനമസ്ക്കാരം തുടങ്ങി അനവധി ആചാരങ്ങളെക്കുറിച്ച് വിവരിക്കുന്നു. സാധാരണ ഉപനിഷത്തുക്കളിൽ പലതും ഉയർന്ന ആത്മതത്വ ശാസ്ത്ര വിവരണമൊന്നുമില്ലാത്തതും എന്നാൽ ഇത്തരത്തിലുള്ള ആചാരങ്ങൾ വിവരിക്കുന്നതുമാണ്.

സന്യാസസ്വീകരണം, രുദ്രാക്ഷധാരണം, ഭസ്മധാരണം, ധ്യാനം, അഷ്ടാംഗയോഗാനുഷ്ഠാനം, രുദ്ര-കൃഷ്ണ-വിഷ്ണു- സാളഗ്രാമപൂജാവിധികൾ എന്നിവയെല്ലാം ചില ഉപനിഷത്തുക്കളിൽ വിവരിക്കുന്നുണ്ട്.

**സദാചാരം അനാചാരം ദുരാചാരം :** ഇവയെല്ലാം വിവരിക്കുന്നതിന് മുമ്പ് ആചാരങ്ങളെ നാം സാമാന്യ ഭാഷയിൽ മൂന്നായി കാണണം. മനസ്സിനും, ശരീരത്തിനും, കുടുംബത്തിനും, സമൂഹത്തിനും, രാഷ്ട്രത്തിനും (ഇവയിലേതെങ്കിലും ഒന്നിനോ അതിൽ കൂടുതൽ ഘടകങ്ങൾക്ക്) ശാശ്വതവും സ്ഥിരവുമായ നന്മ വരുത്തുന്ന ആചാരങ്ങളെ സദാചാരങ്ങൾ എന്നു പറയുന്നു. ഇന്നത്തെ കാലഘട്ടത്തിൽ ആവശ്യമില്ലാത്ത ആചാരങ്ങളെ അനാചാരങ്ങൾ എന്നു പറയുന്നു. അനാചാരങ്ങൾ അനുഷ്ഠിക്കുന്നതുകൊണ്ട് സദ്ഫലങ്ങളും ദുഷ്ഫലങ്ങളും ഉണ്ടാകുന്നില്ല. അതിനാലാണ് അവയെ അനാ(വശ്യമായ)ചാരങ്ങൾ എന്നു



Scanned with CamScanner

പറയുന്നത്. എന്നാൽ മേൽ വിവരിച്ച അഞ്ചു ഘടകങ്ങളിൽ ഒന്നിനോ അതിൽ കൂടുതലിനൊ ശാശ്വതമായ തിന്മ വരുത്തുന്ന ആചാരങ്ങളെ യാണ് ദുരാചാരങ്ങൾ എന്നു പറയുന്നത്. അതായത് ദൂഷ്യഫലങ്ങൾ ഉളവാക്കുന്ന ആചാരങ്ങളെന്നർത്ഥം.

സദാചാരങ്ങളെക്കുറിച്ച് നാം ചുവടെയുള്ള (6 മുതൽ 10 വരെ) വായി ക്കുന്നുണ്ടാകും. അനാചാരങ്ങളെക്കുറിച്ചും നാം അറിയണം. ചില ക്ഷേത്രങ്ങളിൽ ഷർട്ട് ധരിച്ചുകൊണ്ടും, പാന്റ് ധരിച്ചുകൊണ്ടും കയറു ന്നതിനുള്ള വിലക്ക്, പലരും ഉടുത്തിരിക്കുന്ന മുണ്ട് വാടകക്കെടുത്ത് ഉടുത്തു ക്ഷേത്രദർശനം നടത്തുന്നത്, ധനാകർഷണ ഭൈരവയന്ത്രം പോലെയും കാമാകർഷണയന്ത്രം പോലെയുമുള്ള യന്ത്രങ്ങൾ ധരി ക്കൽ, വേണ്ടതിനും വേണ്ടാത്തതിനും പ്രശ്നം വെക്കൽ, അത്യാഡം ബരത്തോടെ ക്ഷേത്രാചാരങ്ങൾ അനുഷ്ഠിക്കൽ, ക്ഷേത്ര ആചാര ങ്ങൾക്ക് വിരുദ്ധമായ കലാപരിപാടികൾ, കഞ്ഞിവീഴ്ത്തലിനു പകരം (സാമ്പത്തികമായി ഉയർന്ന നിലവാരത്തിലുള്ളവർക്കുപോലും) ക്ഷേത്ര ങ്ങളിൽ വിഭവസമൃദ്ധമായ സദ്ധ്യ-അന്നദാനത്തിന്റെ പേരിൽ നൽകൽ, ക്ഷേത്രവുമായി ഒരു ബന്ധവുമില്ലാത്തവർക്ക് അന്നദാനം, ഇങ്ങിനെയു ള്ളതെല്ലാം സദാചാരങ്ങളായി വ്യാഖ്യാനിച്ച് ചെയ്യുന്നതുതന്നെ അനാ ചാരമാണ്.

ദുരാചാരങ്ങളെക്കുറിച്ച് എല്ലാവരും എഴുതാറുണ്ട് പറയാറുമുണ്ട്. ഉപരിവിപ്ലവമായി പരിശോധിച്ചാൽ ആചാരങ്ങൾ സദാചാരമോ അനാ ചാരമോ ദുരാചാരമോ എന്നു പറയാനാകില്ല. ഉള്ളിലേക്കിറങ്ങിചെല്ല ണം. ഉദാഹരണത്തിന് പൈതൃകത്തെ അടിമുടി പുച്ഛിക്കുന്ന നിരീശ്വര വാദികളും യുക്തിവാദികളുമടങ്ങുന്ന വൻ സമൂഹമുള്ള കണ്ണൂർ ജില്ല യിൽ ഒരു യാഗം, അടുത്ത കാലത്ത് നടന്നു. കോടിക്കണക്കിന് രൂപ ചിലവഴിച്ചാണത് നടത്തിയത്. അതിൽ ദ്രവ്യങ്ങൾ ഹോമിച്ചു അഥവാ കത്തിച്ചു. അതിനെതിരെ ചില ഇടതുപക്ഷ യുവജനസംഘടനകൾ പ്രതി ഷേധിച്ചു. ഒരു തരത്തിൽ നോക്കിയാൽ ഇത്രയും ദ്രവ്യങ്ങൾ കത്തിച്ചു കളഞ്ഞു എന്നതിൽ ദുരാചാരമുണ്ട്. കൂടാതെ സഹസ്രാബ്ദങ്ങൾക്കു മുമ്പ് സാധാരണമായി നടന്നിരുന്ന യാഗം ഇക്കാലത്ത് നിരന്തരം എല്ലാ യിടത്തും കോടികൾ മുടക്കി നടത്തേണ്ടതായ ആവശ്യവുമില്ല. അതൊരു സത്യമാണ്. ഇതിന്റെ ഉള്ളിലേക്കിറങ്ങിചെല്ലുമ്പോൾ. മറ്റൊരു കാര്യം വ്യക്തമാകും ജാതി-മത-ഇസഭേദമന്യേ ജനലക്ഷങ്ങൾ യാഗ ത്തിൽ പങ്കെടുത്തു, ഒരുമിച്ചിരുന്ന് ഊണു കഴിച്ച് പൈതൃക ചടങ്ങുക ളുടെ സാക്ഷികളായി. ഇത്തരത്തിലൊരു ഒത്തുചേരൽ മറ്റേതൊരു വഴി യിലൂടെയും സാധ്യമല്ല. ക്ഷേത്രങ്ങൾ വളരാനും, കുറെക്കൂടി വിശ്വാ



Scanned with CamScanner

സങ്ങൾ ഉണരാനും, ഭൗതീക ജീവിതത്തിലെ സുഖസൗകര്യങ്ങൾക്കപ്പു റത്തേക്ക് ചിന്തിക്കാനും ഇവിടെ അവസരം ലഭിച്ചു. മറ്റൊരർത്ഥത്തിൽ ഒരു വലിയ കർമ്മത്തിൽ കുറേ ദുരാചാരങ്ങളും കുറച്ച് അനാചാരങ്ങളും ബാക്കി സദാചാരങ്ങളും ഉണ്ടായിരുന്നു. ആചാരങ്ങളെ കാലഘട്ടത്തി നനുസരിച്ച് ശുദ്ധീകരിക്കുമ്പോൾ അനാചാരങ്ങളും ദുരാചാരങ്ങളും കുറഞ്ഞ്, ശാസ്ത്രീയമായി അർത്ഥമറിഞ്ഞ് സദാചാരങ്ങളനുഷ്ഠിക്കാ നാകും.

ക്ഷേത്രങ്ങളിൽ അശ്ലീലപാട്ടുപാടുക, കള്ളു നിവേദിക്കുക, കോഴിയേയും ആടിനേയും അറക്കുക, തെയ്യത്തിന്റെ പേരിൽ കോഴിയെ ജീവനോടെ കടിച്ചു കീറുകയും ചവിട്ടി അരക്കുകയും ചെയ്യുക, ഒരു വിഭാഗത്തിനു മാത്രമേ വേദ പഠനവും പൂജാകർമ്മാനുഷ്ഠാനവും സാധിക്കൂ എന്നു നിർബന്ധിക്കുക, അവിട്ടം മുതൽ രേവതി വരെയുള്ള അഞ്ചു നക്ഷത്ര ങ്ങളിൽ ആരെങ്കിലും മരിച്ചാൽ കുറേപ്പേർ മരിക്കുമെന്നു ഭയപ്പെടു ത്തുക, ധനാകർഷണ ഭൈരവയന്ത്രം പോലെയുള്ള ചരടുകളും യന്ത്ര ങ്ങളും കെട്ടുക... ഇത്തരത്തിലുള്ള അന്ധവിശ്വാസങ്ങൾ മനസ്സിനോ, ശരീരത്തിനോ, കുടുംബത്തിനോ, സമൂഹത്തിനോ, രാഷ്ട്രത്തിനോ ശാശ്വതമായ തിന്മകൾ വരുത്തുന്നു.. അതിനാൽ ഇവയെല്ലാം ദുരാചാ രങ്ങളാണ്.

6. **മനസ്സിന് നന്മ വരുന്ന ആചാരങ്ങൾ** : ഭാരതീയ ആചാര-വിശ്വാ സ-സങ്കൽപ-വിചാര-ഗ്രന്ഥ-സന്ദേശ-അനുഭവ കഥകളുടെ-യെല്ലാം പര മമായ ലക്ഷ്യം എന്നത് മനസ്സിനെ അസതോ മാ സത്ഗമയ (തിന്മയിൽ നിന്ന് നന്മയിലേക്ക്) ; തമസോ മാ ജ്യോതിർഗമയ (ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക്) മൃത്യോർമാ അമൃതം ഗമയ (ദുഃഖങ്ങളിൽ നിന്ന് സമാധാനത്തിലേക്ക്) നയിക്കലാണ്. മനസ്, ശരീരത്തെ നയിക്കുന്നു. മനസ്സ് അനുഭവിക്കുന്ന സന്തോഷ സന്താപങ്ങൾ ശരീരം അനുഭ വിക്കുന്ന സുഖ വേദനയേക്കാൾ കൂടുതൽ കാലം നിലനിൽക്കും. അതു കൊണ്ട് ശരീരത്തേക്കാൾ ഭാരതീയർക്കു പ്രാധാന്യം മനസ്സിനാണ്. ഇതാണ് ഭാരതവും പാശ്ചാത്യനാടും തമ്മിലുള്ള വ്യത്യാസവും.

ഭാരതീയ പൈതൃകസന്ദേശങ്ങൾ മനസ്സിന് പ്രാധാന്യം നൽകാൻ കാരണം; മനസ്സാണ് ചിന്തകൾക്കാധാരം; ചിന്തകളാണ് നാം ചെയ്യുന്ന കർമ്മങ്ങൾക്കാധാരം: കർമ്മങ്ങളുടെ അടിസ്ഥാനത്തിലാണല്ലോ കർമ്മ ഫലങ്ങളുണ്ടാകുന്നത്. തുടർന്നുള്ള പ്രതിഫലങ്ങളാകട്ടെ കർമ്മഫല ങ്ങളെ ആധാരമാക്കിയുമിരിക്കുന്നു.

ഇവിടെ കർമ്മങ്ങൾ, സത്കർമ്മങ്ങളും കർമ്മഫലങ്ങൾ സത്കർമ്മഫല



Scanned with CamScanner

ങ്ങളും ആയിത്തീരണമെങ്കിൽ മാറ്റം വരേണ്ടത് മനസ്സിലാണ്. മനസ്സിനെ സന്മനസ് ആക്കിത്തീർക്കലാണ്. അതനുസരിച്ച് അനവധി ആചാരങ്ങൾ ഭാരതീയർ നെയ്തെടുത്തിട്ടുണ്ട്. ഈ ആചാരങ്ങളെല്ലാം പ്രത്യക്ഷമായി നോക്കിയാൽ ആത്മീയമാണ്. പരോക്ഷമായും ഗഹനമായും പരിശോധിച്ചാൽ ഇവയെല്ലാം മനപരിവർത്തനത്തിനുവേണ്ടിയുള്ളതാണെന്നു വ്യക്തമാകും. മനസ്സിൽ മാറ്റം വരുത്താനുള്ള മാർഗങ്ങളാകട്ടെ കഥകളും, അനുഭവങ്ങളും, സന്ദേശങ്ങളും, പരമമായ സത്യങ്ങളും കേൾക്കുകയും കേൾപ്പിക്കുകയും ചെയ്യുക എന്നതാണ്. അതുകൊണ്ടുതന്നെ ഭാരതീയ ആചാരങ്ങളിൽ മനസ്സിന് മാറ്റം വരുന്നതിനായി ഭാഗവതം, ഗീത, രാമായണം, പുരാണങ്ങൾ, വേദങ്ങൾ, ഉപനിഷത്തുക്കൾ വായിക്കുക, കേൾക്കുക, കേൾപ്പിക്കുക എന്നത് പുണ്യമായി കണക്കാക്കുന്നു. ഇവിടെ പുണ്യകർമ്മം എന്നത് സത്കർമ്മ പ്രതിഫലമാണ്. ഈ മൂന്നിന്റേയും അടിസ്ഥാനം മനസ്സിൽ മാറ്റം വരലാണ്.

പ്രാർത്ഥിക്കുക, ക്ഷേത്രദർശനം ചെയ്യുക, മന്ത്രമാലപിക്കുക,.... ഇവയെല്ലാം മനസ്സിനെ നന്മയിലേക്കു നയിക്കുന്ന ആചാരങ്ങളാണ്. യോഗയും, ധ്യാനവും മനസ്സിനെ നന്മയിലേക്കു നയിക്കുന്നു. ത്യാഗപൂർണമായ ജീവിതവും, യഃ പരേഷാമുപകാരായ ജീവതി സജീവതി ആരാണോ മറ്റുള്ളവർക്ക് ഉപകാരപ്രദമായി ജീവിക്കുന്നത് അയാൾ ജീവിക്കുന്നു എന്നതുപോലുള്ള ഋഗ്വേദസന്ദേശം മനസിനെ നന്മയിലേക്കു നയിക്കാനുള്ളതാണ്.

തളർന്ന അർജ്ജുനനെ ധീരനാക്കിയത് ഗീതോപദേശമാണ്. പരീക്ഷിത്തിന്റെ മരണഭയമകറ്റി ധീരനാക്കിയത് ഭാഗവതമാണ്. രാഷ്ട്രഭാരം ഏറ്റെടുക്കാൻ വിമുഖത കാണിച്ച ശ്രീരാമന് ആത്മ വിശ്വാസം നൽകിയത് യോഗവാസിഷ്ഠത്തിലൂടെ, വസിഷ്ഠമഹർഷിയാണ്. ഇവയെല്ലാം വായിക്കുന്നത് നമ്മെ തളർച്ചയിൽ നിന്ന് വളർച്ചയിലെത്തിക്കാനുള്ള ആചാരങ്ങളായി മാറി. അതുകൊണ്ട് വെറും ചടങ്ങാക്കാതെ അർത്ഥസന്ദേശങ്ങൾ വ്യക്തമായി അറിഞ്ഞുകൊണ്ട് പുരാണങ്ങളും ഇതിഹാസങ്ങളും കഥകളും അനുഭവങ്ങളും വായിക്കുന്ന ആചാരങ്ങൾ സദാചാരങ്ങളായി. കാരണം അവ മനസ്സിനെ ഉണർത്തുന്നു. കഥകളും, അനുഭവങ്ങളും സന്ദേശങ്ങളും കേൾക്കുന്നതും കേൾപ്പിക്കുന്നതും സദാചാരമാണ്. അതുകൊണ്ട് ഇതെല്ലാം പുണ്യഫലം ലഭിക്കുന്നതാണെന്ന വിശ്വാസം പോലും സദാചാരത്തിനു തുടക്കം കുറിക്കുന്നു. അനുഗ്രഹിക്കുക, അനുമോദിക്കുക, ആശീർവദിക്കുക, അഭിനന്ദിക്കുക, ആശ്വസിപ്പിക്കുകയെന്നതെല്ലാം മനസ്സിന് നന്മ വരുത്തുന്ന ആചാരങ്ങളാണ്.



Scanned with CamScanner

മനുഷ്യബന്ധങ്ങൾ ദൃഢമാകുന്ന കുടുംബ-സമൂഹ ആചാരങ്ങളിൽ മന സ്സിന് സന്തോഷവും ദുഃഖമോചനവും തരുന്നുവെങ്കിൽ അതെല്ലാം മന സ്സിനെ സ്വാധീനിക്കുന്ന സദാചാരങ്ങളാണ്.

പാരമാർത്ഥിക സത്യങ്ങളും വ്യാവഹാരിക സത്യങ്ങളും ഉപനിഷത്തു ക്കളിൽ നൽകിയിരിക്കുന്നത് മനസ്സിനെ ശാന്തമാക്കാനും സമനില കൈവരിക്കാനും ഉതകുന്നതാണ് അതുകൊണ്ട് ഉപനിഷദ് പഠനം മന സ്സിന് ശാന്തി നൽകുന്നു.

ഈശ്വരപ്രാർത്ഥന, തീർത്ഥാടനം, സത്സംഘം എന്നിവയെല്ലാം മന സ്സിന് സമനില ലഭ്യമാക്കാനും, ശാന്തമാക്കാനും, ഉത്സാഹം ലഭിക്കാ നും, ആത്മവിശ്വാസം വളരാനും, അപകർഷതാബോധം ഇല്ലാതാക്കാനും ഉതകുന്നതാണെങ്കിൽ അവയെല്ലാം സദാചാരത്തിൽ പെടുന്നു. ഭാരതീ യർ മനസ്സിന്റെ ഉയർച്ചക്കും നന്മക്കും പ്രാധാന്യം കൊടുത്തതിനാൽ നമ്മുടെ ആചാരങ്ങൾ, വിചാരങ്ങൾ, വിശ്വാസങ്ങൾ, ഗ്രന്ഥങ്ങൾ, സന്ദേ ശങ്ങൾ, അനുഭവങ്ങൾ, കഥകൾ എന്നിവയുടെ പ്രധാന ഉദ്ദേശം മന സ്സിനെ അസതോമ സത് ഗമയ, തമസോമാ ജ്യോതിർഗമയ, മൃത്യോർമാ അമൃതം ഗമയ ആണെന്ന് വ്യക്തമായി പറയുവാൻ സാധിക്കും.

സന്മനസ്, സത് ചിന്തകൾ, പുണ്യകർമ്മം, പുണ്യം, സ്വർഗം എന്നതും ദുർമനസ്, ദുഷ്ചിന്തകൾ, പാപകർമ്മങ്ങൾ, പാപം, നരകം എന്നതും നമുക്കറിയാവുന്നതാണ്. അതിനാൽ നരകം സ്വർഗമാകണമെങ്കിൽ, പാപം പുണ്യമാകണം. അതിന് പാപകർമ്മങ്ങൾ പുണ്യകർമ്മങ്ങളാക ണം, അതിനുവേണ്ടത് ദുഷ്ചിന്തകൾ സത്ചിന്തകളാകണം. അതായത് ദുർമനസ് സന്മനസാകണം. ഇവിടെയാണ് മനസ്സിന് നന്മ വരുത്തുന്ന ആചാരങ്ങളുടെ ശാസ്ത്രീയ പ്രാധാന്യം. മറ്റൊരർത്ഥത്തിൽ പുരാണ ങ്ങളും, ഇതിഹാസങ്ങളും, വേദങ്ങളും, ഉപനിഷത്തുക്കളും ദർശന ങ്ങളും പ്രാധാന്യമർഹിക്കുന്നത്. മറ്റു മതങ്ങളിലെ ഗ്രന്ഥങ്ങളുടേയും ഹൈന്ദവഗ്രന്ഥങ്ങളുടേയും പഠനവീക്ഷണ വ്യത്യാസം ഇവിടെ വ്യക്ത മാണ്.

## 7. ശരീരത്തിന് ആരോഗ്യം തരുന്ന ആചാരങ്ങൾ:-

ഭാരതീയ സംസ്കാരത്തിൽ ശരീരം തന്നെ ക്ഷേത്രമാണ്. ശരീരം ധാർമ്മീക കാര്യങ്ങൾ ചെയ്യാനുള്ള ഒരു ഉപകരണവുമാണ്. അതിനാൽ ശരീരമാദ്യം ഖലു ധർമ്മ സാധനമെന്നു പറയുന്നു. പരമാത്മാവുള്ള ദേവാലയവും ജീവാത്മാവുള്ള ശരീരവും ഒരേപോലെയാണ്. ഈ ശരീ രത്തിന് ചൈതന്യവും, ഊർജ്ജവും നിലനിർത്താൻ എന്തെല്ലാം ആവ



Scanned with CamScanner

ശ്യമാണോ അതെല്ലാം ഒരു ക്ഷേത്രത്തിലും ആവശ്യമാണ്. അതിനാലാണ് ശരീരം പവിത്രമെന്നു പറയുന്നതും അതിനെ പവിത്രമാക്കി നിലനിർത്താൻ വേണ്ടതെല്ലാം ആചാരാനുഷ്ഠാനങ്ങളിലൂടെ ചെയ്യണമെന്നു പറയുന്നതും

ധർമ്മശാസ്ത്രങ്ങളിൽ ശരീരശുദ്ധിക്കായി നൽകുന്ന നിർദ്ദേശങ്ങൾ അനവധിയാണ്. നാക്കുവടിക്കുന്നതും, പല്ലുതേക്കുന്നതും, മുഖം കഴുകുന്നതും, തലമുടിയും, നഖവും കളയുന്നതും, മലമൂത്രവിസർജ്ജനവുമെല്ലാം ആചാരങ്ങളിൽ വ്യക്തമായി നിർദ്ദേശിച്ചിരിക്കുന്നു. ശരീര ശുദ്ധിക്കായി നാം ഉപയോഗിക്കുന്ന പാത്രങ്ങൾ, കിടക്ക, വീട്, പരിസരം എന്നിവയെല്ലാം വൃത്തിയായി സൂക്ഷിക്കേണ്ടതിന്റെ വിവരണം വ്യക്തമായി നൽകുന്നു. കുളം, കിണർ, ജലാശയം എന്നിവ ശുദ്ധമായി നിലനിർത്തുന്നത് പോലും പവിത്രമായ ആചാരമാണ്.

ആന്തരീകമായ ശുദ്ധിയും ആരോഗ്യവും പോലെത്തന്നെയാണ് ബാഹ്യമായ ശുചിത്വവും ശുദ്ധിയും. ചുറ്റുപാടുകൾ വൃത്തിയായി സൂക്ഷിക്കേണ്ടതുമെല്ലാം ആചാരങ്ങളുടെ ഭാഗമാക്കിയപ്പോൾ അവയെല്ലാം ഉദ്ദേശിക്കുന്നതിൽ ഒന്ന് ശാരീരികമായ നന്മക്കുള്ള ആചാരങ്ങളാണ്.

രാവിലെ സൂര്യോദയത്തിനുമുമ്പുണരണം എന്നത് തലച്ചോറിന്റെ പ്രവർത്തനത്തേയും ശാരീരിക ഊർജ്ജത്തിന്റേയും നന്മപകരുന്നു. ഉണർന്നാൽ കിടക്കയിൽ തന്നെയിരുന്നു പ്രാർത്ഥിക്കുമ്പോൾ രക്തചംക്രമണം സാധാരണ നിലയിലായിത്തീരുന്നു. ഭൂമിക്കു സമാന്തരമായി കിടന്നപ്പോൾ ശരീരത്തിനാവശ്യമായ രക്തം പമ്പുചെയ്യുവാൻ ഹൃദയം എടുക്കുന്നതിനേക്കാൾ വളരെയേറെ ശക്തി ഭൂമിക്കു കുത്തനെ നിൽക്കുമ്പോൾ വേണ്ടിവരുന്നു. ഇതുരണ്ടും ഹൃദയത്തിനു താങ്ങാനാകും. പക്ഷേ ഒരവസ്ഥയിൽ നിന്ന് മറ്റൊരവസ്ഥയിലേക്കുള്ള മാറ്റം ചിലപ്പോൾ ഹൃദയാഘാതത്തിനു കാരണമാകും. ഇതൊഴിവാക്കാൻ കിടക്കയിലിരിക്കുന്നതു കൊണ്ടു സാധിക്കും. അതിന്റെ കൂടെ ഒരു പ്രാർത്ഥന കൂടിയാകുമ്പോൾ അതു മനസ്സിനേയും സ്വാധീനിക്കും. ഭൂമിവന്ദനം എന്ന നിർദ്ദേശം വളരെ പ്രയോജനപ്രദമാണ്. എന്തുകൊണ്ടെന്നാൽ ഉറങ്ങുന്ന വേളയിൽ ശരീരത്തിൽ നിലനിൽക്കുന്ന ബയോസ്റ്റാറ്റിക് ഇലക്ട്രിസിറ്റി കാൽവഴി എർത്ത് ചെയ്തുപോകുന്നത് ഒഴിവാക്കി കൈവഴിക്കായാൽ കാലിന് വാതരോഗമുണ്ടാകുന്നതൊഴിവാക്കാനാകും. വടക്കോട്ടു തല വെച്ചു കിടക്കുമ്പോൾ ഭൂമിയുടെ കാന്തികമണ്ഡലത്തിനു സമാന്തരമായി കിടക്കുന്നതു കൊണ്ടുണ്ടാകുന്ന ദൂഷ്യഫലങ്ങളൊഴിവാകും. പ്രാണായാമം ചെയ്യുമ്പോൾ ശരീരകോശങ്ങൾക്കാവശ്യമായ ഓക്സി



Scanned with CamScanner

ജൻ കൂടുതലായി ലഭിക്കുന്നു, കാർബൺ ഡൈ ഓക്സൈഡ് പരമാവധി പുറത്തേക്കു പോകുന്നു. ധ്യാനിക്കുമ്പോൾ തലച്ചോറ് ഫ്രഷ് ആകുന്നു. സൂര്യനമസ്കാരം ചെയ്യുമ്പോൾ ശരീരത്തിലെ ചലനാത്മകമായ എല്ലാ അസ്ഥിസന്ധികളും കൂടുതൽ ചലനാത്മകമാകുന്നു. ഈ വ്യയാമത്തിലൂടെ മസിലുകളിലുള്ള അഴുക്കുകൾ, രക്തചംക്രമണത്തിലൂടെ മാറ്റപ്പെടുന്നു, തലച്ചോറിനും ശരീരത്തിലെ ഓരോ കോശത്തിനും ആവശ്യത്തിന് ഓക്സിജനും പോഷകമൂല്യങ്ങളും എളുപ്പത്തിലെത്തുന്നു. പ്രഭാതകൃത്യങ്ങൾക്കും പ്രാർത്ഥനക്കും ശേഷം രണ്ടുമൂന്നു ഗ്ലാസ് വെള്ളം കുടിക്കുമ്പോൾ രക്തത്തിലെ അഴുക്കുകൾ നീക്കം ചെയ്യാനാകുന്നു. ഏകാദശീവ്രതം 15 ദിവസത്തിലൊരിക്കലെടുക്കുമ്പോൾ നമ്മുടെ ശരീരത്തിനാവസ്യമായ വ്യത്യസ്ഥ പോഷകങ്ങളുടെ കുറവ് വ്യത്യസ്ഥ ഭക്ഷണം (ഏകാദശി ദിവസം) കഴിക്കുമ്പോൾ നികത്തപ്പെടുന്നു. ഏകാദശി ഉപവാസമിരിക്കുമ്പോൾ 21 അടിനീളമുള്ള കൂടൽ വൃത്തിയാക്കപ്പെടുന്നു കൂടാതെ ശരീരത്തിൽ കാലാകാലങ്ങളായി ശേഖരിക്കപ്പെടുന്ന കൊഴുപ്പിന്റെ ഒരംശം നീക്കം ചെയ്യപ്പെടുന്നു. ആഴ്ചയിലൊരിക്കൽ ഇരുമ്പുചീനച്ചട്ടിയിൽ ഏതെങ്കിലുമൊരു ഭക്ഷണപദാർത്ഥമുണ്ടാക്കുമ്പോൾ ഒരാഴ്ചത്തേക്കാവശ്യമായ ഇരുമ്പു സത്ത് ശരീരത്തിനു ലഭിക്കുന്നതിനാൽ അനീമിയ എന്ന രോഗം പൂർണമായും മാറ്റപ്പെടുന്നു. അടുക്കും ചിട്ടയോടും കൂടിയ ഭക്ഷണം പ്രത്യേകിച്ചും സസ്യാഹാരം ഉത്തമവും ശാന്തവുമായ ശാരീരിക പ്രവർത്തനങ്ങൾക്ക് വഴിയൊരുക്കുന്നു. ശരീരത്തിലെണ്ണതേച്ചു കുളിക്കുമ്പോൾ ത്വക്കിലെ ലിപ്പോപ്രോട്ടീൻ ഘടകങ്ങൾ കൂടുതൽ സംരക്ഷിതമാകുന്നു.

ചെവിയിൽ തുളസിവെക്കുമ്പോൾ തുളസിയുടെ ഔഷധാംശം ത്വക്കിലൂടെ രക്തത്തിലെത്തുന്നു. പ്രാർത്ഥനക്കുശേഷം ഭക്ഷണം കഴിക്കുമ്പോൾ വായിലെ ഉമിനീർഗ്രന്ഥി നന്നായി പ്രവർത്തിക്കുകയും, അതിലൂടെ ആമാശയത്തിലെത്തുന്ന പ്റ്റയാലിൻ എന്ന സംയുക്തം മറ്റു ദഹനഗ്രന്ഥികളെ പ്രവർത്തിപ്പിച്ച് ദഹനരസങ്ങളൊഴുക്കി ദഹനത്തെ സഹായിക്കുന്നു.

ഈ ആചാരങ്ങളെല്ലാം ശരീരത്തിന്റെ നന്മയെ ലക്ഷ്യമാക്കിയുള്ളതാണ്. അതു ജീവിതത്തിൽ പകർത്തുന്നതിൽ ഏറെ ശ്രദ്ധയുണ്ടാക്കാനായി ഈ ആചാരങ്ങളിൽ ആത്മീയതകൂടി ചേർത്തു. നമ്മുടെ ശരീരത്തെ ക്ഷേത്രമായി കാണണമെന്ന് ഭഗവദ് ഗീത നിർദ്ദേശിക്കുന്നു. അത് ശരീരത്തെ മലിനപ്പെടുത്താതിരിക്കാനാണ്. ഇവിടെ മദ്യം, മാംസം, മയക്കുമരുന്ന് എന്നിവയെല്ലാം അപവിത്രവും ശരീരത്തിന് തിന്മയുണ്ടാക്കുന്ന



Scanned with CamScanner

തുമാണെന്ന് വ്യക്തമായി നിർദ്ദേശിക്കാനാണ്. ശരീരമാണ് ധർമ്മത്തിന്നാധാരം. ആ ശരീരത്തെ ശുദ്ധിയോടെ സംരക്ഷിക്കണം എന്നു നമ്മെ ഓർമ്മിപ്പിക്കുന്നു. ശരീരങ്ങൾക്കു പ്രാധാന്യമായതു ശുദ്ധിയോടെ ഭക്ഷിക്കണമെന്ന് നമ്മെ ഉപദേശിക്കുന്നതും ആഹാരം ശുദ്ധമായി നിലനിർത്താനുതും ശരീരത്തിന്റെ നന്മയെ ലക്ഷ്യമാക്കിയുള്ളതാണ്. ഓരോ തരത്തിലുള്ള വ്രതങ്ങളും ഭക്ഷണക്രമത്തെ നിയന്ത്രിക്കാനുള്ളതാണ്. അതെല്ലാം ശരീരത്തിന്റെ നന്മയെ ലക്ഷ്യമാക്കിയുള്ളതുമാണ്. സൂര്യാസ്തമയത്തിന് മുമ്പ് രാത്രിയിൽ ഭക്ഷിച്ച്, സൂര്യോദയത്തിനു ശേഷവും മാത്രം ഭക്ഷിക്കുന്നത് നല്ലതാണ്, ഗ്രഹണസമയത്ത് ഭക്ഷണത്തിലെല്ലാം ദോഷം വരുന്നു എന്നറിയാൻ ഒരു ശാസ്ത്രജ്ഞാനത്തിനാൽ അന്ന ഗ്രഹണസമയത്ത് ഭക്ഷണം കഴിക്കരുതെന്നു നിർദ്ദേശിക്കുന്നു.

ഭക്ഷണം പാചകം ചെയ്യുന്നതും, സൂക്ഷിക്കുന്നതും, ഭക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് അനവധി ആചാരങ്ങൾ നിലവിലുണ്ടായിരുന്നു. അവയെല്ലാം ധർമ്മശാസ്ത്രഗ്രന്ഥങ്ങളിൽ വ്യക്തമായി വിവരിച്ചിട്ടുമുണ്ട്. അതിൽ പലതും ഇന്നത്തെ കാലഘട്ടത്തിൽ അത്യാവശ്യമല്ലാത്തതാണ്. ചിലത് വളരെ നല്ലതുമാണ്. ചിലത് അറിഞ്ഞോ അറിയാതെയോ നാം ജീവിതത്തിൽ ഇന്നും ആചരിക്കുന്നു. ചിലത് നാം തിരസ്കരിച്ചു.

## 8. കുടുംബബന്ധത്തെ ദൃഢമാക്കുന്ന ആചാരങ്ങൾ :-

മനസ്സിനും ശരീരത്തിനും നന്മ വരുത്തുന്ന ആചാരങ്ങളുടെ തുടർച്ച തന്നെയാണ് കുടുംബബന്ധങ്ങൾ ദൃഢമാക്കുന്ന ആചാരങ്ങൾ. ഈ ബന്ധങ്ങളിലൂടെ മനസ്സിനും ശരീരത്തിനും ചൈതന്യം പകരുന്നതാകും. കുടുംബത്തെക്കുറിച്ച് ശ്രീനാരായണഗുരു പറഞ്ഞത് കുടുംബങ്ങൾ ഇണങ്ങുണ്ടാകുന്നതാണ് കുടുംബം. മാതൃപിതൃബന്ധം, മാതൃപിതൃ-പുത്രപുത്രീബന്ധം, ഭാര്യാഭർതൃബന്ധം, സഹോദരബന്ധം ഇതെല്ലാം ഉപദേശങ്ങളിലൂടെയും, അനുഭവങ്ങളിലൂടെയും കഥകളിലൂടെയും നമ്മെ ഓർമ്മിപ്പിച്ച് ആചരിപ്പിക്കാനാണ് രാമായണവും മഹാഭാരതവും ശ്രമിപ്പിക്കുന്നത്. ഉപദേശങ്ങളും അനുഭവങ്ങളും കഥകളും കേൾക്കുന്നതിന്റെ പരമമായ ലക്ഷ്യവും ഈ കുടുംബബന്ധം ദൃഢമാക്കലാണ്. അമ്മയും അച്ഛനും തമ്മിലുള്ള ബന്ധം ദൃഢമാക്കലാണ് ഷോഡശ കർമ്മങ്ങൾ അവർ ഒരുമിച്ച് നടത്തുന്നത്. ഗർഭാധാനം മുതൽ അന്ത്യേഷ്ടിവരെയുള്ള പുംസവനം, ജാതകർമ്മം, ചൂഡാകർമ്മം, നിഷ്ക്രമണം, ചൗളം, നാമകരണം, ഉപനയനം, വിവാഹം, ഗൃഹസ്ഥാശ്രമം... ഈ ചടങ്ങ് നിരന്തരം കൊണ്ടാടപ്പെടുമ്പോൾ ഗർഭസ്ഥ ശിശുവിന്റെ സംരക്ഷണം മുതൽ അവന്റെ വിവാഹം വരെയുള്ളതെല്ലാം മാതാപിതാക്കൾ ഒരുമിച്ചു നിർവ

ഹിക്കുന്നു. ഇവിടെ മാതൃപിതൃപുത്ര പരസ്പരബന്ധം പ്രായോഗികമായി ചൈതന്യവത്താകുന്നു. മാതാപിതാക്കൾ എന്ന ബന്ധം ഭാരതത്തിൽ അനിർവചനീയമാം വിധത്തിൽ പവിത്രമാണ്. അമ്മയുടെ മഹത്വം അതി പ്രാധാന്യമുള്ളതിനാലാണ് അമ്മയുടെ സ്ഥാനം തന്നെ ഭാരതമാതാവ്, ഗോമാതാവ്, ഗംഗാമാതാവ്, പ്രകൃതിമാതാവ് എന്നെല്ലാം വന്നത്. ശ്രാദ്ധ കർമ്മങ്ങളിലും, കർക്കിടകവാവിന് പിതൃബലിയർപ്പിക്കുമ്പോഴും എല്ലാം അമ്മക്കുള്ള പ്രാധാന്യം ആദ്യം വരുന്നു. തുടർന്ന് അച്ഛനും ഈ കാഴ്ച പ്പാടിനെ സ്വീകരിക്കുന്നതാണ് വിഷുകൈനീട്ടം, ഓണപ്പുടവ, ദീപാവലി ആഘോഷം, മാതാപിതാക്കളുടെ ജന്മദിനം. മക്കളുടെ ജന്മദിനം, വിശേ ഷദിവസങ്ങൾ ആചരിക്കുമ്പോഴും ആഘോഷിക്കുമ്പോഴുമെല്ലാം അമ്മ യേയും അച്ഛനേയും നമസ്കരിക്കുക എന്ന ആചാരം നമുക്കുണ്ടായ ത്, ഈ പരസ്പര ബന്ധം ദൃഢമാക്കുന്നതിലാണ്. മാതാപിതാക്കളെ കണ്ടാണ് മക്കൾ എല്ലാം പഠിക്കുന്നത്. ബാക്കി അവർ തരുന്ന ഉപദേശ ങ്ങൾ കേട്ടും ഉൾക്കൊണ്ടുകൊണ്ടും. അതുകൊണ്ടുതന്നെ മാതൃപിതൃ ബന്ധം ഈ നാട്ടിൽ ആചാരങ്ങളിലൂടെ നിലനിർത്തിപോന്നു.

ഇതുപോലെ മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധം ദൃഢമാ ക്കാൻ എണ്ണിയാലൊടുങ്ങാത്തത്രയും ചെറുതും സങ്കീർണവുമായ ആചാരങ്ങളുണ്ട്.

മഹാഭാരതത്തിലെ വിധവയായ കുന്തിയും പാതിവ്രത്യത്തിന്റെ പേരിൽ കണ്ണുകെട്ടിനടന്ന ഗാന്ധാരിയും അന്ധനായ ധൃതരാഷ്ട്രരും മാതൃപിതൃ പുത്രബന്ധങ്ങളുടെ ദൃഢത അനുഭവരൂപത്തിൽ വർദ്ധിപ്പിക്കാനായി ആചാരങ്ങളായി നമ്മുടെ പൂർവ്വീകർ നമ്മുടെ മനസ്സിൽ നിറച്ചിരിക്കു ന്നു. മാതാപിതാക്കൾ തരുന്ന ഭക്ഷണം, അവരുടെ അനുഗ്രഹം, അവ രുടെ കൂടെയിരുന്നു ജീവിതം ധന്യമാക്കുന്ന എല്ലാം ഈ കുടുംബ ബന്ധം ദൃഢമാക്കുന്നതാണ്. ഓരോ ആഘോഷവും, മേൽപ്പറഞ്ഞതു പോലെ മാതൃ പിതൃ- പുത്ര+പുത്രീബന്ധം നിലനിർത്താനുള്ളതാക്കി ഭാരതീയർ മാറ്റി.

പുംനാമ നരകാത്ത്രയതേ ഇതി പുത്ര (പുത്രി) എന്ന് പറഞ്ഞത് (പും എന്ന പേരായ നരകത്തിൽ നിന്ന് മാതാപിതാക്കളെ അപ്പുറത്തേക്കു കയറ്റിവിടുന്നവനാണ് പുത്രൻ. ആ പുത്രനാണ് (പുത്രന്മാരാണ്) മാതാ പിതാക്കളുടെ അന്ത്യകർമ്മങ്ങളെല്ലാം വിധിയാംവണ്ണം ചെയ്യേണ്ടത്. ഓരോ വീട്ടിലും മാതാപിതാക്കൾ ഇഹലോകവാസം വെടിയുമ്പോൾ 12-16 ദിവസങ്ങളായി അനുഷ്ഠിക്കുന്ന കർമ്മങ്ങളിൽ പങ്കെടുക്കുന്നവ രെല്ലാം ഈ ബന്ധത്തിന്റെ അടിസ്ഥാനത്തിലുള്ള കർമ്മങ്ങൾ അഥവാ



Scanned with CamScanner

ചടങ്ങുകൾ കാണുന്നു. ഈ കാഴ്ച തന്നെ ഒരു ആചാരമാണ്. ബന്ധം ഇന്ദ്രിയാനുഭൂതികളെ ഉണർത്തുന്നതിലൂടെയാണ് പഠിക്കുന്നതും പഠിപ്പിക്കുന്നതു മായ ആചാരം. ഇങ്ങനെയുള്ള അനവധി ആചാരങ്ങൾ മാതൃപിതൃപുത്ര പുത്രി ബന്ധം ദൃഢമാക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു. ശിഷ്യരെ നയിക്കുക, കർമ്മാനുഷ്ഠാനങ്ങളിൽ ശിഷ്യരെ പിന്തുടരുക, ശിഷ്യനുമായുള്ള പിതൃപുത്രസമാനമായ ബന്ധം പ്രദർശിപ്പിക്കുക. ഇങ്ങനെയുള്ളതെല്ലാം സഹോദരബന്ധം ദൃഢമാക്കുന്നതിന്റെ അടിസ്ഥാനത്തിലുള്ള ആചാരങ്ങളാണ്. ആദിവാസികൾക്ക് ആചാരങ്ങൾ ഒരു കുടുംബബന്ധം ദൃഢമാക്കലായിരുന്നു. അവയിൽ പലതും അന്ധവിശ്വാസമായും അനാചാരമായും നമ്മൾ തള്ളിക്കളഞ്ഞിട്ടുണ്ട്.

**9. സമൂഹബന്ധം ദൃഢമാക്കാനുള്ള ആചാരങ്ങൾ :** മറ്റെല്ലാ രാഷ്ട്രങ്ങളും പിളരുമ്പോഴും അസാധാരണമായ ജനാധിപത്യക്രമത്തിന്റെ ശക്തികൊണ്ട് ജനങ്ങളെ അടിച്ചമർത്തി സാമൂഹിക ഐക്യം പ്രദർശിപ്പിക്കുമ്പോഴും ഭാരതം ആത്മീയതയിലൂടെയും ആചാരവിശ്വാസങ്ങൾ അനുഷ്ഠാനങ്ങളിലൂടെയും നമ്മുടെ സമൂഹത്തിന്റെ ഐക്യം നാം താത്വികമായും പ്രായോഗികമായും നിലനിർത്തുന്നു.

നമ്മുടെ ആത്മീയതയെന്നു പറയുന്ന നൂറുകണക്കിന് ആചാരങ്ങളായ ക്ഷേത്ര ഉത്സവങ്ങൾ, ശ്രീരാമ സങ്കീർത്തനം, ശിവരാത്രി, ഗണേശചതുർത്ഥി, കൃഷ്ണാഷ്ടമി, നവരാത്രി, തിരുവോണം, ദീപാവലി, ദസറ എന്നിവയെല്ലാം ആത്മീയതയുടെ ഭാഗമായി സാമൂഹിക ഐക്യത്തിനുള്ള ആചാരാനുഷ്ഠാനങ്ങളാണ്. തീർത്ഥാടന വേളകളിലെല്ലാം ഭാരതീയർ ഒന്നാണെന്ന ബോധം ഉണ്ടാകുന്നു.

ഓരോ ഗൃഹത്തിലും നടക്കുന്ന ചടങ്ങുകൾ ബന്ധുക്കളും മിത്രങ്ങളും പങ്കെടുക്കുന്നു. അവയെല്ലാം ഐക്യത്തിന്റെ പ്രായോഗിക സന്ദേശം നൽകുന്നു.

ശബരിമലയാത്ര, കൈലാസയാത്ര, തിരുപ്പതി വെങ്കിടേശ്വര ക്ഷേത്രയാത്ര, പളനിയാത്ര, അമർനാഥ്, കുംഭമേളയാത്ര ഇവയെല്ലാം സാമൂഹിക ഐക്യത്തിന്റെ കാഹളം മുഴക്കുന്നു.

നമ്മുടെ വീടുകളിലെ വിശേഷങ്ങളായ ജനനം, ജന്മദിനാഘോഷം, ഗൃഹനിർമ്മാണാരംഭം, വിവാഹം, ഷഷ്ട്യബ്ദപൂർത്തി, ശതാഭിഷേകം തുടങ്ങിയതും മരണവുമായി ബന്ധപ്പെട്ട എല്ലാ ചടങ്ങുകളും കുടുംബബന്ധത്തെയും സാമൂഹികബന്ധത്തെയും ദൃഢമാക്കുന്നതിനുള്ളതാണ്.

വിവാഹം, ഗൃഹപ്രവേശം, മരണാടിയന്തിരങ്ങൾ, ജന്മദിനാഘോഷ



Scanned with CamScanner

ങ്ങൾ, ഗ്രാമദേവതാസങ്കൽപം, കുലദേവതാസങ്കൽപങ്ങളുമായുള്ള ഒത്തുചേരൽ, ലോകാസമസ്താസുഖിനോ ഭവന്തു എന്ന വൈദീക സന്ദേശം പോലെയുള്ളതും സർവേ ഭവന്തു സുഖിനഃ സർവേ സന്തു നിരാമയ,.... എന്നിവയുമെല്ലാം എല്ലാവിഭാഗം ജനതഥിയും തമ്മിലുള്ള സാമൂഹിക ബന്ധം ദൃഢമാക്കുന്നു. അതായത് സേവനത്തിലൂടെ കുടുംബജീവിതത്തിലെ ഓരോ ആചാരാനുഷ്ഠാനവും ആഘോഷവും സാമൂഹികമാക്കിത്തീർക്കാനാണ് നാം അതിഥികളെ ക്ഷണിക്കുന്നത്.

എല്ലാ ആഘോഷങ്ങളും വ്യക്തിപരവും, കുടുംബപരവും, സാമൂഹികവും കുറെയൊക്കെ രാഷ്ട്ര ഉത്ഗ്രഥനവും ലക്ഷ്യമിടുന്നു. അമ്പലങ്ങളും, ആത്മീയതയും ഇവക്കൊക്കെ കൂടുതൽ ലക്ഷ്യബോധം നൽകുകയും ചെയ്യുന്നു.

ഇത്രയും വിവരിച്ചറിഞ്ഞതിനാൽ മേൽ വിവരിച്ച കാര്യങ്ങൾ ഒന്ന് ഗഹനമായി ചിന്തിച്ചാൽ ഓരോ ആചാരത്തിന്റേയും ഉള്ളിൽ നിറഞ്ഞു നിൽക്കുന്ന സന്ദേശം സ്വർഗത്തിലേക്കു പോകലല്ല, മറിച്ച് ഈ ഭൂമിയിലെ ജീവിതം സ്വർഗസമാനമാക്കലാണെന്നു മനസ്സിലാകും. അതിനാണ് ആചാരങ്ങളുടെ അർത്ഥമറിഞ്ഞുകൊണ്ട് അനുഷ്ഠിക്കുന്നത് ഉത്തമമാണെന്ന് വിവരിക്കുന്നത്.

**10. രാഷ്ട്രത്തിന്റെ ഉത്ഗ്രഥനത്തെ ലക്ഷ്യമിടുന്ന ആചാരങ്ങൾ:** ഭാരതം, ഭാരതമാതാവ്, പുണ്യഭൂമി, മാതൃഭൂമി, കർമ്മഭൂമി, യജ്ഞഭൂമി, ജ്ഞാനഭൂമി എന്നെല്ലാമുള്ള സങ്കൽപം തന്നെ ആത്മബന്ധത്തെ ഉളവാക്കുന്നതാണ്. എന്റെ അമ്മ എന്റെ രാഷ്ട്രം എന്നു പറയുമ്പോൾ എനിക്കെന്റെ രാഷ്ട്രം ജനകോടികളെ നാമായ് മാറ്റിയ ജന്മഗൃഹമായി മാറുന്നു. അത് ഭാരതമെന്നാൽ പാരിൻനടുവിൽ കേവലമൊരുപിടിമണ്ണല്ല എന്നു നമ്മെ ഓർമ്മിപ്പിക്കുന്നു.

രാമായണത്തിലെ ജനനീ ജന്മഭൂമി സ്വർഗാദപി ഗരീയസീ എന്ന സന്ദേശം ഭാരതത്തെക്കുറിച്ചൊരഗാധബന്ധം നമ്മിലുണ്ടാക്കുന്നു. രാമായണത്തിൽ, രാമൻ അയോദ്ധ്യയിൽ നിന്ന് തെക്ക് ജഡായുമംഗലം വരെ വന്നതും ശബരിമല, പമ്പ, രാമേശ്വരം, ലങ്ക എന്നിവയെല്ലാം ബന്ധിപ്പിക്കുന്നതുമായ വിവരണം ഒരു രാഷ്ട്രത്തിന്റെ ഐക്യത്തിന്റെ സന്ദേശം പകരുന്നു.

പാണ്ഡവർ വനവാസക്കാലത്ത് ദക്ഷിണഭാരതത്തിലെ പാലക്കാട് ജില്ല വരെ വന്ന് നീളാനദിയെ ഭാരതപുഴയാക്കിയാണ് മടങ്ങിയത്. ഈ രണ്ട് ഇതിഹാസങ്ങളും 18 പുരാണങ്ങളും 18 മഹാപുരാണങ്ങളും ഭാരത



Scanned with CamScanner

ത്തിന്റെ പവിത്രത അടിവരയിട്ടു വിവരിക്കുന്നു. ഈ പുരാണവായന യെന്ന ആചാരം ഭാരതമെന്ന മാതൃഭൂമിയുടേയും ഭാരതീയരുടേയും ഉത്ഗ്രഥനത്തിനുതകിയിട്ടുണ്ട്.

പണ്ട് സ്കൂളിൽ പഠിച്ചിരുന്ന കാലത്ത് ഇംഗ്ലണ്ടിലെ വിവിധ സ്ഥലങ്ങളുടെ പേരുകൾ പഠിച്ചത്, ആ സ്ഥലങ്ങളെല്ലാം എത്ര അകലെയാണെങ്കിൽ പോലും നമ്മുടേതാണെന്നതുപോലെ തോന്നിക്കുന്നു. അതുപോലെയാണ് നദികളുടെ പേരുകൾ ഗംഗേ ച യമുനേ ചൈവ.... എന്നും പുണ്യക്ഷേത്രങ്ങളുടെ പേരുകൾ അയോദ്ധ്യ മഥുരാ മായാ... എന്നീ മന്ത്രങ്ങൾ ആലപിക്കുന്നതും, മഹാഭാരത രാമായണത്തിലെ ദേശനാമങ്ങളെല്ലാം നമ്മെ നമ്മുടെ രാഷ്ട്രത്തിന്റെ വിവിധ ഭാഗങ്ങളുമായി ആത്മബന്ധം സ്ഥാപിക്കാനുതകുന്നു. കുംഭമേളയും, തീർത്ഥയാത്രകളും ഭാരതീയരൊന്നാണെന്ന ബോധമുണ്ടാക്കുന്നു. ഇവയെല്ലാം ചരിത്രപുസ്തകങ്ങൾ പോലെ നമ്മെ നമ്മുടെ പഴയകാലവൈഭവം ഓർമ്മിപ്പിക്കുന്നു.

ഗാന്ധാരദേശത്തിലെ ഗാന്ധാരിയും, കേകയദേശത്തിലെ കൈകേയിയും കോസലദേശത്തിലെ കൗസല്യയും ലങ്കാധിപതിയും, നമ്മുടെ ഭക്ഷ്യവിഭവങ്ങളുണ്ടാക്കാനുള്ള ദ്രവ്യങ്ങളും നമ്മെ ഒരുമിച്ചു ചേർക്കുന്നു. കേരളീയമായ ഏതു ഭക്ഷ്യവിഭവമുണ്ടാക്കുന്നതിനും ഉത്തര ഭാരതീയമായ സുഗന്ധവ്യഞ്ജനങ്ങളും പലതരത്തിലുള്ള പരിപ്പുകളും വേണം. ഉത്തരഭാരതീയരുടെ എല്ലാ ഭക്ഷ്യവിഭവങ്ങളുടേയും ആധാരമായ മസാലയിലുള്ളത്. കേരളത്തിന്റെ സംഭാവനയാണ്. ഇവിടെ വാണിജ്യവ്യവസായങ്ങളിലൂടെ നാം ഒന്നു ചേരുന്നു.

കാഞ്ചീപുരം സാരിയും കേരളത്തിന്റെ നാളികേരവും നമ്മെ ആചാരങ്ങളിലൂടെ ഒരുമിപ്പിക്കുന്നു. മരണാനന്തരമുള്ള ഗയാശ്രാദ്ധവും ഗംഗയിലസ്ഥിയൊഴുക്കലും ദക്ഷിണഭാരതീയർ അനുഷ്ഠിക്കുമ്പോൾ ഉത്തരഭാരതീയർ രാമേശ്വര ശ്രാദ്ധവും കന്യാകുമാരിനിമജ്ജനവും ചെയ്യുന്നു.

ഓരോ പൂജയും, ക്ഷേത്രാരാധനയും, ബിംബാരാധനയും, സങ്കൽപവും, നടത്തുന്നതിനുമുമ്പ് ഭാരതത്തിന്റെ പവിത്രത നിറച്ചുകൊണ്ടാണ് ഈ ആത്മീയകർമ്മങ്ങളാരംഭിക്കുന്നത്.

## III. ഭാരതീയ ആത്മീയത

ഇനി നമുക്ക് പഠിക്കാനുള്ളത് ഭാരതീയ ആത്മീയതയും ഈശ്വരസങ്കൽപവുമായി ബന്ധപ്പെട്ട അഞ്ചുപോയിന്റുകളാണ്. ആദ്യത്തെ അഞ്ചുപോയിന്റുകൾ ഭാരതീയ ഗ്രന്ഥങ്ങളെക്കുറിച്ചായിരുന്നു. രണ്ടാമത്തെ അഞ്ചു



Scanned with CamScanner

പോയിന്റുകൾ ഭാരതീയ ആചാരങ്ങളെക്കുറിച്ചായിരുന്നു. ഇനിയുള്ള അഞ്ചുപോയിന്റുകൾ ഭാരതീയ ആത്മീയതയെക്കുറിച്ചുവിവരിക്കുന്നു.

മറ്റെല്ലാ മതങ്ങളിലും ഒരൊറ്റ ഈശ്വരസങ്കൽപമേയുള്ളൂ. ഭാരതീയ പൈതൃകത്തിൽ അനവധി തരത്തിലും തലത്തിലുമുള്ള ഈശ്വരസങ്കൽപമുണ്ട്. ഇതിനെല്ലാം സങ്കൽപം എന്ന പദം കൂടിചേർത്താണ് വിവരിക്കാറുള്ളത്. അതിനുകാരണമാകട്ടെ ഈശ്വരനെ കണ്ടിട്ടുള്ളവരാരുമില്ല. ഒരു മതത്തിലുമില്ല. എല്ലാവരും അവരവർക്കു തോന്നിയ വിധത്തിൽ മനസ്സിൽ സങ്കൽപിച്ച് വിവരിക്കാറെ പതിവുള്ളൂ. ചെറുപ്പത്തിലെ നമ്മുടെ മനസ്സുകളിൽ കടത്തിവിടുന്ന വിവരണമനുസരിച്ചായിരിക്കും നമ്മുടെ ഈശ്വരസങ്കൽപങ്ങൾ ചിന്താമണ്ഡലത്തിൽ വികസിക്കുക.

നാം ആത്മീയമണ്ഡലത്തിൽ കൂടുതൽ കൂടുതൽ ഉയരുമ്പോൾ താഴെയുള്ള സങ്കൽപഭാവങ്ങൾ അനാവശ്യമായിത്തീരുന്നില്ല. അസ്ഥാനത്തുമാകുകയില്ല. ഉയർന്ന ക്ലാസുകളിലേക്ക് പോകുമ്പോൾ താഴെക്കിടയിലുള്ള ക്ലാസുകളിൽ പഠിച്ചത് നാം ഉപേക്ഷിക്കാറില്ലല്ലോ. അതുപോലെ തന്നെ ശ്രീനാരായണഗുരുദേവൻ വിളക്കും, ഓംകാരവും, കണ്ണാടിയും പ്രതിഷ്ഠിക്കുന്ന നിലവാരത്തിലേക്കുയർന്നപ്പോഴും ആദ്യമാദ്യം പ്രതിഷ്ഠിച്ച വിഗ്രഹങ്ങൾ പിഴുതെറിയുവാനോ, ക്ഷേത്രങ്ങൾ ഇടിച്ചു തകർക്കുവാനോ പറഞ്ഞില്ല.

ശങ്കരാചാര്യൻ എല്ലാ ക്ഷേത്രങ്ങളിലും ദർശനം നടത്തി പ്രദക്ഷിണം വെച്ചു. അന്ത്യത്തിൽ, പരിമിതമായ അക്ഷരങ്ങളുള്ള പരിമിതമായ ഭാഷ കൊണ്ട് പരിമിതിയില്ലാത്ത ഈശ്വരനെ വിവരിക്കാൻ ശ്രമിച്ചതിൽ ക്ഷമിക്കണമെന്നപേക്ഷിച്ചു ശ്രീശങ്കരൻ. മറ്റെല്ലാമതങ്ങളിലും ഒരൊറ്റ ഈശ്വരസങ്കൽപമേയുള്ളൂ. ഭാരതത്തിലും ഒരൊറ്റ ഈശ്വരസങ്കൽപമേയുള്ളൂ ഏകം സത് വിപ്രാഃ ബഹുധ വദന്തി. പരമമായ സത്യം ഒന്നുമാത്രമാണ് അതിനെ അറിവുള്ളവർ പലവിധത്തിൽ വിവരിക്കുന്നു.

നമ്മുടെ ഏകമായ ഈശ്വരഭാവത്തിലേക്കെത്താൻ അനവധി വഴികളുണ്ട്. തിരുവനന്തപുരത്തെ പത്മനാഭസ്വാമിക്ഷേത്രം ഒന്നേയുള്ളൂ. എന്നാൽ അവിടേക്ക്, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിചേരാൻ അനവധി മാർഗങ്ങളുണ്ട്. മാർഗങ്ങൾ ലക്ഷ്യങ്ങളാണെന്ന്, പലരും തെറ്റിദ്ധരിക്കുന്നത് നമ്മുടെ പൂർവ്വീകരുടെ തെറ്റല്ല. നാം കാര്യങ്ങൾ ഉൾക്കൊള്ളുന്ന നിലവാരത്തിലേക്ക് ഉയരാത്തതുകൊണ്ടാണതു സംഭവിക്കുന്നത്. ഉയരുന്നതിനനുസരിച്ച് എല്ലാ മാർഗങ്ങളും ലക്ഷ്യവും നമുക്ക് വ്യക്തമാകുക തന്നെ ചെയ്യും. ചെറിയ കുട്ടികളെ ഭൂമിയെക്കു



Scanned with CamScanner

റിച്ചു പഠിപ്പിക്കാൻ ചുമര് ഉപയോഗിക്കാറുണ്ട്. വളരുമ്പോൾ ഭൂപടം മതിയാകും. പിന്നീട് അത് സാറ്റലൈറ്റ് ചിത്രം മതിയാകും. കുറേകൂടി കഴിയുമ്പോൾ കമ്പ്യൂട്ടറും ലാപ്ടോപ്പും ഉപയോഗിച്ചു വിവരിക്കപ്പെടുന്നു അതേ പോലെ തന്നെ സൂചിപ്പിച്ചു അതുപോലെയാണ് ഈശ്വര സങ്കൽപ്പവും ക്ഷേത്രനിർമ്മാണത്തിൽ വിവരിക്കുന്നതിപ്രകാരമാണ്.

**11. ക്ഷേത്ര ആരാധനയുടെ നിലവാരത്തിലുള്ള ആത്മീയത:** ക്ഷേത്രാരാധന ബിംബാരാധനയാണ്. അത് പൗരാണിക ദേവതാ സങ്കൽപങ്ങളുടെ ചിത്രമോ പ്രതിമയോ ഉണ്ടാക്കി പവിത്രമായ ഒരിടത്ത് പ്രതിഷ്ഠിച്ച് അതിനെ ആരാധിക്കുകയാണ്. എല്ലാ പള്ളികളിലും മറിയവും ഉണ്ണി യേശുവുമുള്ള ബിംബം/ പ്രതിമ കരിങ്കല്ലുകൊണ്ടോ മാർബിളുകൊണ്ടോ, പ്ലാസ്റ്റർ ഓഫ് പാരീസുകൊണ്ടോ മരം കൊണ്ടോ ഉണ്ടാക്കിയത് ഉൾപ്പെടെ പ്രദർശിപ്പിക്കാറുണ്ട്, കാരണം സാധാരണക്കാർക്ക് ഉപമ ഇല്ലാതെ ഉപാസിക്കാൻ വിഷമമാണ്. ഭാരതീയക്ഷേത്ര ആരാധനയും അതിനോടനുബന്ധമായ ആചാരങ്ങളും വ്യക്തിയുടെ മനസ്സും ശരീരവും ആരോഗ്യമുള്ളതാക്കാൻ ഉദ്ദേശിച്ചുള്ളതാണ്. കൂടാതെ കുടുംബത്തിന്റെ ദൃഢതക്കൊപ്പം സാമൂഹ്യബന്ധം ചൈതന്യവത്താക്കാനുള്ള സാംസ്കാരികകേന്ദ്രങ്ങളാണ് ക്ഷേത്രങ്ങൾ. ക്ഷേത്രങ്ങളിലൂടെ നടക്കുന്ന തീർത്ഥാടനം വളരെയധികം പ്രയോജനപ്പെടുന്നു. ഭാരതീയരുടെ ഐക്യം ഈ ക്ഷേത്ര ആത്മീയതയുടെ അടിസ്ഥാനത്തിലാണ് നിലനിൽക്കുന്നത്.

അനന്തമായ പ്രകൃതിശക്തികളെ ഭാരതീയർ ഈശ്വരാംശമായി ഗണിക്കുന്നു. അവയെ ധ്യാനിച്ച് മനസ്സിലുദിച്ച രൂപഭാവത്തെ ബിംബങ്ങളായി കൊത്തിയുണ്ടാക്കി സാധാരണക്കാർക്കായി ക്ഷേത്രങ്ങളിൽ പ്രതിഷ്ഠിച്ചു. അതിലേക്ക് പ്രകാശ-താപ-ശബ്ദ-രസ ഊർജ്ജങ്ങൾ ആരാധനയിലൂടെ നൽകി, അതിൽ നിന്ന് ഊർജ്ജം സ്വീകരിക്കാനുള്ള മാർഗമായി ക്ഷേത്രങ്ങളെ ഉയർത്തി. ക്ഷേത്രങ്ങളിലൂടെ മാനസിക നന്മകളുണ്ടാകുന്ന ക്ഷേത്രവാദ്യങ്ങൾ, ക്ഷേത്രകലകൾ, ക്ഷേത്ര കായിക വിദ്യകൾ, ക്ഷേത്ര സംഗീതം, ക്ഷേത്രസാന്നിധ്യം എല്ലാമെല്ലാം സമൂഹത്തിന്റെ ഉന്നമനത്തിന് ഉപയോഗിച്ചു. മനുഷ്യശരീരത്തിനാവശ്യമായതെല്ലാം ക്ഷേത്ര വിഗ്രഹത്തിലും സമർപ്പിച്ച് ആരാധിച്ചു. അതിലൂടെ ജീവാത്മാവ് കുടികൊള്ളുന്ന ശരീരമായ ക്ഷേത്രത്തെയും പരമാത്മാവ് കുടികൊള്ളുന്ന ദേവാലയമായ ക്ഷേത്രത്തെയും നമ്മുടെ പൂർവ്വീകർ സാധാരണക്കാർക്കായി ബന്ധിപ്പിച്ചു. അങ്ങിനെ ക്ഷേത്രാരാധന എല്ലാവർക്കും എളുപ്പത്തിലെത്തി ആരാധിക്കാവുന്ന സങ്കേതമായി ഓരോക്ഷേത്രത്തിനും ദേശകാലമനുസരിച്ച് ആചാരാനുഷ്ഠാനങ്ങൾ രൂപപ്പെടുത്തി.



Scanned with CamScanner

കാലക്രമത്തിൽ ശ്രീനാരായണഗുരുവിനേയും ശങ്കരാചാര്യരേയും പോലെയുള്ളവർ മാറ്റങ്ങൾ വരുത്തി ഇന്നും അവയെല്ലാം തുടരുന്നു. സാധാരണക്കാരുടെ ഈശ്വരാരാധനക്കായി.

12. **അവാതരങ്ങളുടെ നിലവാരത്തിലുള്ള ആത്മീയത :** ശ്രീകൃഷ്ണനും, രാമനും, അതുപോലെ ഇക്കാലയളവിൽ ജീവിച്ചിരുന്ന വരുമായ ഋഷിവര്യന്മാരും അവതാരങ്ങളും നമുക്കു നൽകിയ ഉപദേശങ്ങളുടെ അടിസ്ഥാനത്തിൽ ജീവിച്ച് അവരെപ്പോലെ ജീവിച്ച് അവരെപ്പോലെ ഉയരുകയാണ് രണ്ടാമത്തെ നിലവാരം. ശ്രീശങ്കരാചാര്യർ, രമണമഹർഷി, അമൃതാനന്ദമയി, സായിബാബ, ശ്രീ ശ്രീ രവിശങ്കർ, ശ്രീനാരായണഗുരു, ചട്ടമ്പിസ്വാമികൾ, മാധ്വാചാര്യർ.... ഇവരെല്ലാം ശ്രീകൃഷ്ണ -ശ്രീരാമൻമാർക്കും നമ്മളെപ്പോലെയുള്ള സാധാരണക്കാർക്കുമിടയിൽ നിലനിൽക്കുന്നവരാണ്. നമുക്കറിയാവുന്ന ശ്രേഷ്ഠരായ അനവധി വ്യക്തികൾ മേൽ വിവരിച്ചവരുടെ നിലവാരത്തിലുള്ളവരാണ്. ക്ഷേത്രാരാധനയും പിന്നീട് അവതാരങ്ങളായി ഉയരുന്നതും സനാതനധർമ്മത്തിൽ രണ്ടു അവസ്ഥകളിലൂടെ കടന്നുപോകലാണ്.

13. **തൃമൂർത്തി-തൃശക്തി സങ്കൽപങ്ങളിലൂള്ള ആത്മീയത :** ബ്രഹ്മാവിഷ്ണു മഹേശ്വര സങ്കൽപത്തിന്റെ തലത്തിലേക്ക് അറിവും അനുഭവവും ഉണ്ടാക്കി ഉയരലാണ് മൂന്നാം തലം. **യതോ വാ ഇമാനി ഭൂതാനി ജയന്തേ:** ഏതൊന്നിൽ നിന്നാണോ സർവചരാചരങ്ങളും ഉത്ഭവിച്ചത് അതിനെ ഭാരതീയർ ബ്രഹ്മാവ് എന്ന പേരു നൽകി. ബ്രഹ്മാവിനെ പ്രകൃതിയുടെ സൃഷ്ടിഭാവമായിട്ടെടുക്കാൻ ഇന്നത്തെ ശാസ്ത്രം പോലെ x, y, z and time axes കൊടുത്തു. അത് നാലുമുഖങ്ങളാക്കി, അങ്ങിനെ ഏതുതരം സൃഷ്ടിക്കും ആവശ്യമായ നാല് അക്ഷങ്ങൾ ആണ് നാലുമുഖങ്ങളായത്. ഇതെല്ലാം തിരിച്ചറിയാൻ സാധിക്കുന്ന ലെവലിലേക്കെത്തലാണ് മൂന്നമത്തെ നിലവാരം. ഇവിടെ ഈ പ്രപഞ്ചത്തെ മനുഷ്യരൂപത്തിൽ, എന്നാൽ നീലനിറത്തിൽ, അനന്തമായ ശയനമായി വിവരിക്കുന്ന നിലവാരമാണ് മഹാവിഷ്ണു സങ്കൽപം. പിന്നെ സൃഷ്ടിക്കായുള്ള ദ്രവ്യം വീണ്ടും തിരിച്ചെടുക്കാനായി സംഹരിക്കുന്ന ശിവസങ്കൽപം. പ്രകൃതിയിലെ രൗദ്രഭാവത്തെ രുദ്രനായും ശാന്തഭാവത്തെ ശിവനായും കാണുന്ന അകകണ്ണിന്റെ കഴിവ് നിറയുന്ന വേളയിൽ നാം എത്തിച്ചേരുന്ന നിലവാരം. ഇവിടെ ഈ ത്രിമൂർത്തികളേയും അവരുടെ നേർപകുതിയായികാണുന്ന സരസ്വതി, ലക്ഷ്മി, പാർവതി എന്ന ത്രിശക്തികളേയും ഉൾക്കൊള്ളുകയാണ് ഈ അവസ്ഥ. വേദത്തിന്റെ വരിയിൽ വിവരിക്കുമ്പോൾ ഞാൻ എന്നെ തിരിച്ചറിയുന്നു ഈ മൂന്നു ശക്തി



Scanned with CamScanner

കളും എന്നിൽ തന്നെയുണ്ട്. എന്റ്; സൃഷ്ടിക്കാനും, നിലനിൽക്കാനും, സംഹരിക്കാനുമുള്ള കഴിവ് എന്റെ ശരീരത്തിനകത്തും പുറത്തുമുണ്ട്.

അതുകൊണ്ട് ശിവം ഭൂത്വാ ശിവം യജേത് എന്നു പറയാറുണ്ട്. ശിവനായിത്തീർന്ന് ശിവനെ ഭജിക്കുക. വേദാഹമേതം പുരുഷം മഹാന്തം. ആ മഹത്തായ പ്രപഞ്ചപുരുഷചൈതന്യം ഞാൻ തന്നെയാണ്. അഹം വൈശ്വാനരോ ഭൂത്വാ പ്രാണിനാം ദേഹമാശ്രിതഃ ഈശ്വര ചൈതന്യംതന്നെ വൈശ്വാനരാഗ്നിയായി ജീവജാലങ്ങളിൽ നിലനിൽക്കുന്നു.

സൃഷ്ടിയും സ്രഷ്ടാവായതും സൃഷ്ടിജാലവും, സൃഷ്ടിക്കുള്ള സാമഗ്രിയായതും... ഇതെല്ലാം എന്റെയും ഈ പ്രപഞ്ചത്തിന്റെയും ഘടനക്കാധാരമായതാണ്. As is the microcerm so is the macrocosm എപ്രകാരമാണോ പിണ്ഡാണ്ഡം അപ്രകാരം തന്നെയാണ് ബ്രഹ്മാണ്ഡം. മൂന്നാമത്തെ നിലവാരത്തിലെത്തുമ്പോൾ പ്രപഞ്ചത്തിലെ ഓരോ ചെറിയ പ്രതിഭാസവും എന്റെയും ജീവിത പ്രതിഭാസത്തിന്റെ ഭാഗമായി ഞാൻ തിരിച്ചറിയുന്നു.

ഇവിടെ ത്രിശക്തികളെക്കുറിച്ചുള്ള വിവരണം ശ്രദ്ധേയമായി ദേവീമാഹാത്മ്യത്തിൽ വരുന്നതു ശ്രദ്ധിക്കുക; യാദേവി സർവഭൂതേഷു നിദ്രാരൂപേണ (ശാന്തി രൂപേണ, സ്മൃതി രൂപേണ, മാതൃരൂപേണ, ജ്ഞാന രൂപേണ, ധൃതിരൂപേണ..) സംസ്ഥിതാ എന്നു പറയുന്നു. അതായത് ഇതെല്ലാം ഞാൻ തന്നെയാണ് എന്നിൽ തന്നെയാണ് നിലനിൽക്കുന്നതെന്ന ബോധമുണ്ടാകുന്ന അവസ്ഥ. ബ്രഹ്മാവിഷ്ണു മഹേശ്വരസങ്കൽപം, ആധുനിക ശാസ്ത്രത്തിന് പോലും സമ്പൂർണമായും യോജിച്ചതാണ്. അതുകൊണ്ടാണല്ലോ ലോകത്തിലെ ഏറ്റവും സങ്കീർണമായ ദൈവകണ പരീക്ഷണം ആരംഭിക്കുന്ന സ്ഥലത്ത് ഒരു താണ്ഡവ നൃത്തമാടുന്ന വലിയ ഓടു കൊണ്ടുണ്ടാക്കിയ പ്രതിമ പ്രതിഷ്ഠിച്ചിരിക്കുന്നത്. ഫ്രിഡ്ജോഫ് കാപ്ര, താണ്ഡവനൃത്തമാടുന്ന രുദ്രരൂപത്തെ പ്രകൃതിയുടെ ഓരോ കണത്തിന്റെയും നൃത്തമായി വിവരിക്കുകയുണ്ടായി. ലോകത്തുള്ള 438 ആറ്റമിക് റിയാക്ടറുകളും ശിവലിംഗത്തിന്റെ ആകൃതിയിലുള്ളതാണ്. പ്രകൃതിയിലെ സൃഷ്ടിസ്ഥിതി സംഹാരത്തെ മനസ്സിലാക്കുന്ന ഗവേഷണശാലയിൽ ബുദ്ധിയാകുന്ന ഉപകരണമുപയോഗിച്ച്. ധ്യാനമാകുന്ന പരീക്ഷണത്തിലൂടെ കൽപിച്ചെടുത്തരൂപങ്ങളാണ് ത്രിമൂർത്തികളുടെയും ത്രിശക്തികളുടെയും സാങ്കൽപികരൂപങ്ങൾ. ഈ രൂപങ്ങളിലൂടെ നാം ആരാധന മണ്ഡലത്തിലെത്തുമ്പോൾ അതിന്റെ അടുത്ത പടിയായ പ്രപഞ്ച പുരുഷചൈതന്യത്തിലേക്കും പ്രകൃതീദേവി



Scanned with CamScanner

സങ്കൽപത്തിലേക്കും കടക്കുവാനുള്ള അവസ്ഥയാകും.

മഹാവിഷ്ണുവിന്റെ നീലനിറവും അനന്തമായ ശയനവും മിൽകിവേ ഗാലക്സിയായ പാലാഴിയും, പ്രകൃതിയുടെ ഐശ്വര്യദേവതയായ ലക്ഷ്മിയുടെ സാന്നിദ്ധ്യവും എല്ലാം വിഷ്ണു എന്ന രൂപഭാവത്തെയും നാമത്തേയും ചേർത്തുള്ള ഉൾക്കാഴ്ച തരുന്നു. അവതാരമായ ശ്രീകൃഷ്ണൻ പ്രപഞ്ച രൂപത്തിന്റെ ഭാഗമാണെന്നു പ്രദർശിപ്പിക്കുന്ന വിശ്വരൂപ ദർശനം നമ്മെ ഇരുത്തി ചിന്തിപ്പിക്കുന്നു.

പുരാണങ്ങളിലെല്ലാം തൃമൂർത്തികളേയും തൃശക്തികളേയും കഥകളിലൂടെ വിവരിക്കാറുണ്ട് അഥവാ ഈ മൂന്നിന്റേയും ആത്മീയ-ഭൗതീക മഹത്വം അവരെ മനുഷ്യരൂപത്തിലാക്കി ചിത്രീകരിച്ചുകൊണ്ട് കഥാരൂപത്തിൽ വിവരിച്ചുതരുന്നതാണ്. തമിഴിൽ ഒരു സിനിമയുണ്ടായിരുന്നു, കൽവിയാ ശെൽവമാ വീരമാ എന്ന ഒരു പാട്ടതിലുണ്ട്. ഇതിൽ ജ്ഞാനം (സരസ്വതി) ശക്തി (പാർവതി) ഐശ്വര്യം (ലക്ഷ്മി) എന്നീ മൂന്നു പ്രകൃതി പ്രതിഭാസത്തെ മൂന്നു മനുഷ്യരിലാവാഹിച്ചു വിവരിക്കുന്ന കഥയാണതിലുള്ളത്. ഇങ്ങിനെ കഥാരൂപത്തിൽ പുരാണങ്ങളിൽ വിവരിക്കുന്നതെല്ലാം തൃമൂർത്തി തൃശക്തികളുടെ മഹത്വം വിവരിക്കാൻ മാത്രമാണ്. മനുഷ്യന്റെ രൂപത്തിലുള്ള ഒരു ബ്രഹ്മാവോ, ശിവനോ, വിഷ്ണുവോ, ലക്ഷ്മിയോ, സരസ്വതിയോ, പാർവതിയോ ഇല്ല എന്നു വ്യക്തമായിട്ടറിയണം. ഉപാസിക്കാനായി മാത്രം നാം രൂപഭാവകൽപ്പന നൽകിയെന്നേയുള്ളു.

ഒന്നുകൂടി വ്യക്തമാക്കിയാൽ നേരത്തെ സൂചിപ്പിച്ചതുപോലെ ഇതെല്ലാം നമ്മളിൽ തന്നെയുള്ള ശക്തികളാണ്. അതു നമ്മിലേക്കു വന്നതാകട്ടെ പ്രപഞ്ചത്തിൽ നിന്നും തൃമൂർത്തി തൃശക്തി സങ്കൽപത്തെക്കുറിച്ച് എത്രയധികം വിവരിച്ചാലും വിവരണമെല്ലാം അപൂർണമായി തന്നെ നിലനിൽക്കും. അതുകൊണ്ട് ഈ നിലവാരത്തിലെത്തിയവർക്ക് എളുപ്പത്തിൽ ഉൾക്കൊള്ളാനാകുന്ന ആത്മീയതയുടെ മൂന്നാമത്തെ അവസ്ഥയാണിതെന്നു മനസ്സിലാക്കി ഉയരുക.

**14. പ്രപഞ്ചപുരുഷ ചൈതന്യത്തിന്റെ നിലവാരത്തിലുള്ള ആത്മീയത:** വേദത്തിലെ ഈശ്വരസങ്കൽപമാണിത്. ഈ പ്രപഞ്ചത്തെ പ്രപഞ്ചപുരുഷനെന്നും പ്രകൃതിദേവീയെന്നും പുരുഷസ്ത്രീഭാവങ്ങളാക്കിതിരിച്ച് മനുഷ്യരൂപം കൊടുത്തോ കൊടുക്കാതെയോ വിവരിക്കുന്ന നിലവാരം. ഉപാസനകൾ ഞാൻ ആ പ്രപഞ്ച-പ്രകൃതി ചൈതന്യത്തിന്റെ അംശമാണെന്നും അതിലെ പ്രതിഭാസങ്ങളെല്ലാം എന്റെ മനസ്-ശരീരം



Scanned with CamScanner

ഇതിലെ പ്രകൃതികളുടെ ഭാഗമാണെന്നും അനുഭവിച്ചറിയുന്ന നിലവാരമാണതത്. ഭഗവദ്ഗീതയിലെ വിശ്വരൂപദർശനയോഗാധ്യായത്തിൽ വിവരിക്കുന്ന നിലവാരത്തിലും, മഹാഭാരതത്തിൽ മൂന്നുനാലിടത്ത് ശ്രീകൃഷ്ണൻ വിശ്വരൂപം കാണിക്കുന്നുണ്ട്. ഓർമ്മിക്കുക അത് നഗ്നനേത്രത്തിലൂടെയല്ല മറിച്ച് ദിവ്യ ചക്ഷുസ്സു കൊണ്ടാണ് കാണുന്നതെന്ന് വ്യക്തമായി പറയുന്നു. കുരുക്ഷേത്രത്തിൽ വെച്ച് പ്രപഞ്ചരൂപം കാണിച്ചപ്പോഴും വ്യചക്ഷുസ്സിലൂടെ നിന്ന അർജ്ജുനനൊഴികെ മറ്റാർക്കും അതു കാണാനായില്ല.

തുടക്കവും മധ്യവും അന്ത്യവുമില്ലാത്ത ആയിരക്കണക്കിന് സൂര്യചന്ദ്രൻമാരുള്ള പ്രപഞ്ചം, അണുക്കളിൽ വെച്ചേറ്റവും ചെറിയ പരമാണുവിലും അതിമഹത്തായ പ്രപഞ്ചത്തിലും ചാലക ശക്തിയായി നിലനിൽക്കുന്നു. ആയിരക്കണക്കിന് തലയും, കണ്ണുകളും, കാലുകളുമുള്ളതും പ്രപഞ്ചത്തിലെ സർവതിനും ആധാരമായതുമായ ചൈതന്യം അതാണ് പ്രപഞ്ചപുരുഷ ചൈതന്യം. അതിനെയാണ് നേരത്തെ സൂചിപ്പിച്ച സൃഷ്ടി (ബ്രഹ്മാവ്) സ്ഥിതി (മഹാവിഷ്ണു)സംഹാരം (മഹാദേവൻ) ഇതുമൂന്നും ഈ പ്രപഞ്ചത്തിലെ ഒരു അണു മുതൽ സൂര്യൻ വരെ നടക്കുന്ന പ്രതിഭാസമാണ്.

ഈ പ്രപഞ്ചത്തിലാണ് എല്ലാം നിലനിൽക്കുന്നത്, അഥവാ എല്ലാം നിലനിൽക്കുന്നതിനെയാണ് പ്രപഞ്ചമെന്നു പറയുന്നത്. പ്രകർഷേണ പഞ്ചീകൃതം പ്രപഞ്ചം ചൈതന്യവത്തായി അഞ്ചിനേയും (പഞ്ചഭൂതങ്ങൾ) ഒന്നാക്കിയതിനെയാണ് പ്രപഞ്ചമെന്നു പറയുന്നത്. അതിനൊരു മനുഷ്യരൂപം, മനുഷ്യന്റെ മനോമണ്ഡലത്തിലേക്ക് എത്തിക്കാനായി, സൃഷ്ടിച്ചു എന്നു വിചാരിക്കുക, അതാണ് വിശ്വരൂപം. അതിനെയാണ് വിഷ്ണുസഹസ്രനാമത്തിൽ വിവരിക്കുന്നത്. ഈ വിശ്വത്തെത്തന്നെ ഈശ്വരനായി കാണാനുള്ള മനസ്സുണ്ടാക്കുക.

ഈ പ്രപഞ്ചം ഈശ്വരഭാവമായാൽ അതിലുള്ള സൂര്യനും, ചന്ദ്രനും, ഗ്രഹങ്ങളും, വായുവും, ജലവും, വൃക്ഷങ്ങളും, നദികളും, പർവതങ്ങളും ജീവജാലങ്ങളുമെല്ലാം ഈശ്വരാംശമാകും. പ്രപഞ്ചത്തെ ഈശ്വരനായി കാണാനായാലേ അതിലുള്ളതെല്ലാം ഈശ്വരാംശമാകൂ. അതുകൊണ്ടാണ് നാം വൃക്ഷങ്ങളെയും, മൃഗങ്ങളേയും, പക്ഷികളേയുമെല്ലാം ഓരോ ഈശ്വരാംശവുമായി ചേർത്തത്.

വേദങ്ങളിലെ പുരുഷസൂക്തം, ശ്രീസൂക്തം, ഭാഗ്യസൂക്തം, നാരായണസൂക്തം.. മറ്റനവധി സൂക്തങ്ങൾ എല്ലാം തന്നെ ഈ പ്രപഞ്ചത്തെ ഈശ്വ



Scanned with CamScanner

രനായി വിവരിക്കുന്നു. റോബർട്ട് ഹോയൽ, ഫ്രിഡ്ജോഫ് കാപ്ര, ആൽബർട്ട് ഐൻസ്റ്റീൻ... തുടങ്ങി പ്രശസ്ത ശാസ്ത്രജ്ഞന്മാർ പ്രപഞ്ചത്തെ ഇങ്ങിനെ കണ്ടവരാണ്. ആൽബർട്ട് ഐൻസ്റ്റീൻ 1932 കളിൽ കോസ്മിക് റിലീജിയൻ എന്നൊരു മതം സ്ഥാപിക്കുകയും ചെയ്തു അതിലെ ഈശ്വരൻ പ്രപഞ്ചമാണ്.

**15. പരമാത്മ ചൈതന്യം - ബ്രഹ്മചൈതന്യ നിലവാരത്തിലുള്ള ആത്മീയത** : ഹിന്ദുധർമ്മത്തിലെ ആത്മീയതയുടെ അവസാനത്തെ ബിന്ദുവാണിത്. ഇവിടെ സർവചരാചരങ്ങളിലെയും സൂക്ഷ്മവും മഹത്തായതുമായ രൂപത്തെ കണ്ടാരാധിക്കുന്നതിനു പകരം എല്ലാത്തിലും നിലനിൽക്കുന്ന ചൈതന്യത്തെ, ശക്തിയെ, ബോധത്തെ അറിഞ്ഞുപാസിക്കുന്ന അവസ്ഥയിലെത്തിയാൽ പിന്നെ അതിനപ്പുറത്തൊരവസ്ഥയില്ല. ഒരു ലഡ്ഡുവിനെ വിശകലനം ചെയ്യുന്ന ഫുഡ് സയിന്റിസ്റ്റിൽ നിന്ന്, ലഡുവിന്റെ ഘടകമായ പഞ്ചസാര, കടലപ്പൊടി, എണ്ണയിലെത്തിയാൽ അതു കാർഷിക ശാസ്ത്രജ്ഞന്റേതായി. അവിടെ നിന്നും ഇവയെല്ലാം ഉണ്ടാക്കിയിരിക്കുന്ന തന്മാത്രകളിലെത്തുക അത് രസതന്ത്രജ്ഞന്റെ നിലവാരത്തിലായി. അവിടെനിന്നും $E = mc^2$ എത്തിയാൽ ഊർജ്ജചൈതന്യത്തിലെത്തി. ഇതുപോലെയാണ് അതിസൂക്ഷ്മമെന്നു പറയപ്പെടുന്ന സർവവ്യാപിയായ, വാക്കുകൾ കൊണ്ടു വിവരിക്കാനാകാത്ത, മനസ് കൊണ്ടു മനനം ചെയ്യാനാകാത്ത, രൂപവും ഭാവവും ഇല്ലാത്ത, വിവരണാതീതമായ, എല്ലാ ഇന്ദ്രിയങ്ങളേയും പ്രവർത്തിപ്പിക്കുന്ന, അകത്തും പുറത്തുമുള്ള, അടുത്തും അകലത്തിലുമുള്ള.. ചൈതന്യത്തെക്കുറിച്ച് ഉപനിഷത്തിന്റെ നിലവാരത്തിലുള്ള ആത്മചൈതന്യത്തെക്കുറിച്ചും പരമാത്മചൈതന്യത്തെക്കുറിച്ചും അഥവാ ബ്രഹ്മചൈതന്യത്തെക്കുറിച്ചും പരബ്രഹ്മചൈതന്യത്തെക്കുറിച്ചും അറിയുന്നത്. ഞാൻ അതാണ് എന്നും അത് ഞാനാണെന്നും നാം അറിയുന്ന അവസ്ഥ. ശരീരം വന്നും പോയും കൊണ്ടിരിക്കും. എന്നാൽ ഊർജ്ജസ്രോതസ്സായി നിൽക്കുന്നതു ഈ ആത്മചൈതന്യമാണ്. വൈദ്യുതിക്ക് വയർ ആവശ്യമായതുപോലെ ഈ ആത്മചൈതന്യത്തിന് വാടകവീടുപോലെ നിലനിൽക്കാനുള്ള ഇടമായി ശരീരം ആധാരമായിത്തീരുന്നു. ശരീരം ഒരു ക്ഷേത്രം മാത്രമായിത്തീരുന്നു. ആത്മാവ്, പരമാത്മാവിന്റെ അംശമായി ഈ ശരീരത്തിൽ കുടികൊള്ളുന്നതുകൊണ്ട് ശരീരം ക്ഷേത്രമാണ്. അപ്പോൾ ഞാൻ ശരീരമല്ല എന്നും എന്നിലുള്ള ആത്മചൈതന്യമാണ് (ഞാൻ) എന്നും ബോധതലത്തിലെത്തുന്ന അവസ്ഥ. അതാണ് അഞ്ചാമത്തെ തലം. അവിടെയ



Scanned with CamScanner

ത്തിയവരുണ്ടോ എന്നറിഞ്ഞുകൂടാ. ചിലപ്പോൾ ശങ്കരാചാര്യർ എത്തിയിട്ടുണ്ടാകും. പിന്നെ ആരെങ്കിലുമുണ്ടോയെന്ന് എനിക്കറിഞ്ഞുകൂടാ.

പുരാണങ്ങൾ ബ്രഹ്മാവിഷ്ണുമഹേശ്വര സങ്കൽപവും തൃശക്തി സങ്കൽപങ്ങളും വിവരിക്കുമ്പോൾ, വേദങ്ങൾ പ്രപഞ്ചപുരുഷ ചൈതന്യത്തെ വിവരിക്കുന്നു. ഉപനിഷത്തുക്കളിൽ പ്രധാനപ്പെട്ടതെല്ലാം ആത്മ -പരമാത്മ ബ്രഹ്മചൈതന്യത്തെക്കുറിച്ചും വിവരിക്കുന്നു. രണ്ടിതിഹാസങ്ങളിൽ പച്ചമനുഷ്യരായ രണ്ടവതാരങ്ങളെ വിവരിക്കുന്നു. കൂടാതെ ജീവിതാനുഭവങ്ങളുടെ മറ്റുദാഹരണങ്ങളും.

അഞ്ചാമത്തെ നിലവാരം സാധാരണക്കാർക്ക് പ്രാപ്യമല്ലാത്തതിനാൽ സാധാരണക്കാർക്കത് പ്രായോഗികമല്ലെന്നു ചിലർ വാദിക്കാറുണ്ട്.

### പുറകോട്ടുനോക്കുമ്പോൾ

I. ഭാരതീയഗ്രന്ഥങ്ങളുടെ അഞ്ചുതലം, കഥകളിലൂടെ സന്ദേശങ്ങൾ നൽകുന്ന പുരാണങ്ങൾ. കഥകളും അനുഭവങ്ങളും ചേർത്ത് സന്ദേശങ്ങൾ തരുന്ന മഹാഭാരതം അനുഭവത്തിലൂടെ സന്ദേശങ്ങൾ തരുന്ന വാൽമീകി രാമായണം, പരമമായ സത്യം വിവരിക്കുന്ന ഉപനിഷത്തുക്കൾ ഇടയാണ് അഞ്ചുതലങ്ങളുണ്ട്.

II. ഭാരതീയ ആചാരങ്ങളുടെ അഞ്ചുതലം; മനസിന് നന്മ വരുത്തുന്ന ആചാരങ്ങൾ, ശരീരത്തിന് ആരോഗ്യം നൽകുന്ന ആചാരങ്ങൾ, ശരീരത്തിന് ആരോഗ്യം നൽകുന്ന ആചാരങ്ങൾ, ഭാര്യ-ഭർത്താവ്-മാതാവ്-പിതാവ്-മക്കൾ -ബന്ധുക്കൾ എന്നിവരടങ്ങുന്ന കുടുംബബന്ധം ദൃഢമാക്കുന്ന ആചാരങ്ങൾ. സമൂഹബന്ധം ദൃഢമാക്കാനുള്ള ആചാരങ്ങൾ, രാഷ്ട്രത്തിന്റെ ഐക്യത്തിനും ഉത്ഗ്രന്ഥനത്തിനുമുള്ള ആചാരങ്ങൾ ഇപ്രകാരം അഞ്ചുതലം.

III. ആത്മീയതയുടെ അഞ്ചുതലം, ക്ഷേത്രാരാധനയിലൂടെ ഈശ്വരോപാസന നടത്തുന്ന തലം. സ്വയം അവതാരങ്ങളായി ഉയരുന്ന തലം. തൃമൂർത്തി തൃശക്തിയുടെ അന്തരാർത്ഥങ്ങൾ അനുഭവിച്ചറിയുന്ന തലം. പ്രപഞ്ചപുരുഷ-പ്രകൃതീദേവീ സങ്കൽപത്തിലുള്ള തലം. ആത്മപരമാത്മചൈതന്യം അനുഭവവേദ്യമാകുന്ന തലത്തിലുള്ള ആത്മീയ വളർച്ച. ഇങ്ങിനെ ആത്മീയമണ്ഡലത്തിലെ അഞ്ചുതലങ്ങൾ.

ഹിന്ദുധർമ്മത്തെക്കുറിച്ചു പഠിക്കാൻ ഈ പതിനഞ്ചു പോയിന്റുകളിലൂടെ ഗഹനമായിട്ടിറങ്ങാൻ ശ്രമിക്കുക. വളരാനും, ഉയരാനും, ഉണരാനും, തളരാതെ-തകരാതെ-വരളാതിരിക്കാനും ഈ അറിവുകൾ ഏറെ പ്രയോജനപ്പെടും.



Scanned with CamScanner

## പുറകോട്ടുനോക്കുമ്പോൾ

**I. ഭാരതീയഗ്രന്ഥങ്ങളുടെ അഞ്ചുതലം,** കഥകളിലൂടെ സന്ദേശങ്ങൾ നൽകുന്ന പുരാണങ്ങൾ. കഥകളും അനുഭവങ്ങളും ചേർത്ത് സന്ദേശങ്ങൾ തരുന്ന മഹാഭാരതം അനുഭവത്തിലൂടെ സന്ദേശങ്ങൾ തരുന്ന വാൽമീകി രാമായണം, പരമമായ സത്യം വിവരിക്കുന്ന ഉപനിഷത്തുക്കൾ ഇടയാണ് അഞ്ചുതലങ്ങളുണ്ട്.

**II. ഭാരതീയ ആചാരങ്ങളുടെ അഞ്ചുതലം;** മനസിന് നന്മ വരുത്തുന്ന ആചാരങ്ങൾ, ശരീരത്തിന് ആരോഗ്യം നൽകുന്ന ആചാരങ്ങൾ, ശരീരത്തിന് ആരോഗ്യം നൽകുന്ന ആചാരങ്ങൾ, ഭാര്യ - ഭർത്താവ് - മാതാവ് - പിതാവ് - മക്കൾ - ബന്ധുക്കൾ എന്നിവരടങ്ങുന്ന കുടുംബബന്ധം ദൃഢമാക്കുന്ന ആചാരങ്ങൾ. സമൂഹബന്ധം ദൃഢമാക്കാനുള്ള ആചാരങ്ങൾ, രാഷ്ട്രത്തിന്റെ ഐക്യത്തിനും ഉത്ഗ്രന്ഥനത്തിനുമുള്ള ആചാരങ്ങൾ ഇപ്രകാരം അഞ്ചുതലം.

**III. ആത്മീയതയുടെ അഞ്ചുതലം,** ക്ഷേത്രാരാധനയിലൂടെ ഈശ്വരോപാസനനടത്തുന്ന തലം. സ്വയം അവതാരങ്ങളായി ഉയരുന്ന തലം. ത്രിമൂർത്തി ത്രിശക്തിയുടെ അന്തരാർത്ഥങ്ങൾ അനുഭവിച്ചറിയുന്ന തലം. പ്രപഞ്ചപുരുഷ - പ്രകൃതീദേവി സങ്കൽപത്തിലുള്ള തലം. ആത്മപരമാത്മചൈതന്യം അനുഭവവേദ്യമാകുന്ന തലത്തിലുള്ള ആത്മീയ വളർച്ച. ഇങ്ങിനെആത്മീയമണ്ഡലത്തിലെ അഞ്ചുതലങ്ങൾ.

ഹിന്ദുധർമ്മത്തെക്കുറിച്ചു പഠിക്കാൻ ഈ പതിനഞ്ചു പോയിന്റുകളിലൂടെ ഗഹനമായിട്ടിറങ്ങാൻ ശ്രമിക്കുക. വളരാനും, ഉയരാനും, ഉണരാനും, തളരാതെ - തകരാതെ - വരളാതിരിക്കാനും ഈ അറിവുകൾ ഏറെ പ്രയോജനപ്പെടും.

Scanned with CamScanner